Registered No. M-4485 Madras War Review, Malayalam—2-6-1944

UNIVERSITY LIBRARY 10 FEB 1946 MADRAS

# യുദ്ധസഞ്ചിക

വോള്യം III] മദിരാശി: 1944 ജൂൺ 2-ാംനു, വെള്ളിയാഴ്ച [ലക്കം 39

## ഗണ്യമായ വിജയങ്ങൾ

★

സാമാന്യത്തിലധികം വിഷമമേറിയ യുദ്ധപ്രവർത്തനങ്ങളെന്നു നമുക്കെല്ലാവർക്കും അറിയാവുന്നതായ ഇടങ്ങളിൽ അവർ നേടിവരുന്ന ഗണ്യമായ വിജയങ്ങളിൽ എന്റെ ഹൃദയപൂർവ്വമായ അഭിനന്ദനങ്ങളെ ദയവുചെയ്തു ജനറൽ അലക്സാണ്ഡറെയും അദ്ദേഹത്തിന്റെ നേതൃത്വത്തിലുള്ള സകലരേയും അറിയിക്കുക. ഇററലിയിലെ ശത്രുസൈന്യങ്ങളെ നിശ്ശേഷം ജയിച്ചടക്കുന്നതുവരെ ആ വിജയങ്ങൾ തുടർന്നു കൊണ്ടുപോകുവാൻ ഞാൻ പ്രാർത്ഥിക്കുന്നു.

മദ്ധ്യധരണി പ്രദേശത്തെ സഖ്യസൈന്യാധിപനായ ജനറൽ സർ ഹെൻറി മെയിററ്ലൻഡ് വിൽസന്നു ചക്രവർത്തി തിരുമനസ്സു കൊണ്ടയച്ച ഒരു സന്ദേശത്തിൽ നിന്നു്



ആറാം ജോർജ്ജ് ചക്രവർത്തി

### ഉള്ളടക്കം


| | ഭാഗം | | ഭാഗം |
|---|---|---|---|
| ഗണ്യമായ വിജയങ്ങൾ | 1 | ദക്ഷിണേന്ത്യൻ മഹനീയ സേവനം | 7 |
| ഒരു നായാട്ട് | 2 | ഇരവിക്കുട്ടിപ്പിള്ള | 8, 10 |
| ആഴ്ചക്കുറിപ്പ് | 3 | ഒരു വീരബാലൻ | 9, 10 |
| യുദ്ധസ്ഥിതി | 4 | ചിത്രങ്ങൾ | 11 |
| ജാപ്പാൻ ശല്യം | 5 | പദ്യങ്ങൾ | 12 |
| യു. എസ്. എസ്. ആർ. | 6 | | |




## എസ്. എസ്. എസ്.

നിങ്ങൾക്കു പത്തുറുപ്പിക ഒന്നായി സമ്പാദിക്കാൻ കഴിയാത്തപക്ഷം പ്രതിദിനം സേവിങ്ങ്സ് സ്റ്റാമ്പു വാങ്ങി നാലണ വീതം സമ്പാദിക്കൂ.

എത്ര പെട്ടെന്ന് ദേശീയസമ്പാദ്യപത്രം വാങ്ങാൻ കഴിയുന്നുവെന്ന് നിങ്ങൾ ആശ്ചര്യപ്പെട്ടുപോകും.

**ദേശീയ സമ്പാദ്യപത്രം വാങ്ങുക**

ബർമ്മാരംഗത്തിലെ ഭക്ഷണസാധന വിമാനങ്ങളുടെ പോക്കുവരവുകൾ നിയന്ത്രിച്ചുകൊണ്ടിരിക്കുന്നു

# ഒരു നായാട്ട്

## (സഹോദരന്മാരോട്)

(ഹവിൽദാർ ക്ലാർക്ക് ശ്രീ കെ. സി. നായർ)

(മഞ്ജരി)

പെട്ടെന്നെണീക്കുവിൻ! ഭാരതവീരരേ!
കോപ്പിട്ടൊരുങ്ങുവിൻ വേട്ടയാടാൻ
ഭാരതമാതാവിൻ വക്ത്രം തുളക്കുവാൻ
പാഞ്ഞടുത്തീടുന്നു ശത്രുവർഗ്ഗം.
വന്നണഞ്ഞിന്നവർ സൈന്യസമേതരായ്
നിന്നടർചെയ്വൂ മണിപ്പൂരത്തിൽ.

വില്ലു കുലക്കുവിൻ ബാണം തൊടുത്തുവിൻ
മുന്നോട്ടടുക്കുവിൻ സോദരരേ!
കുന്നും മലകളും വെന്നുവെന്നോരോന്നായ്-
പൊങ്ങും പുകഴ്‌നമുക്കിങ്ങു നേടാം.
വിശ്രമം കൊണ്ടിടാം വീരസഖാക്കളേ!
വിശ്രുത മാതാവിൻ മാർവ്വിടത്തിൽ.

[കുറിപ്പ്—കവിയുടെ അപേക്ഷപ്രകാരം ഉചിതമെന്നു തോന്നിയവിധം തിരുത്തിയിട്ടുണ്ട്. (യു. സ. പ.)]

## ആഴ്ചക്കുറിപ്പുകൾ

ബർമ്മാരംഗത്തിലെ യുദ്ധഗതിയെപ്പററി വിസ്തരിച്ചു മറെറാരിടത്തു പ്രസ്താവിച്ചിട്ടുണ്ടല്ലോ. അരാക്കാൻ രംഗത്തു സഖ്യസൈന്യങ്ങൾ മഴക്കാലത്തിനു തക്ക സ്ഥാനങ്ങളിൽ നിലയുറപ്പിച്ചിട്ടുണ്ട്. ജാപ്പാൻ അവരെ അപായത്തിലാക്കാൻ വീണ്ടും ശ്രമം ചെയ്യേക്കാം. പക്ഷെ, കലശലായ കാലവർഷംകൊണ്ട് നേരിട്ടേക്കാവുന്ന കഷ്ടങ്ങൾ സഖ്യശക്തികൾ മുൻകൂട്ടി കണ്ടിട്ടുണ്ട്. പ്രസ്തുത പരിതഃസ്ഥിതികളിൽ ജാപ്പാൻകാരെക്കാൾ ശക്തിയോടെ നിന്നുപൊരുതുവാൻ നമ്മുടെ സഖ്യസൈന്യങ്ങൾക്കു കഴിയും. പക്ഷെ, സഖ്യശക്തികൾ ഇതുകൊണ്ടൊന്നും അതിശുഭാപ്തിയോടെ അതിരുവിട്ടു സന്തോഷിക്കുന്നില്ല. തുടർച്ചയായുള്ള യുദ്ധമുണ്ടാവുമെന്ന് പ്രതീക്ഷിച്ചു, അതിന്നായി തയ്യാറായിട്ടാണ് അവരുടെ നില. ജാപ്പാൻകാരുടെ കഥ നേരെ മറിച്ചാണ്.

ജാപ്പാൻകാർക്ക് വിശേഷവിധിയായി ഒരു നേട്ടവും ഉണ്ടായിട്ടില്ലാത്തതുകൊണ്ട് ബർമ്മാ രംഗത്തുനിന്ന് ചൈനയിലേക്കു ചാടിയിരിക്കുകയാണ്. ചൈനക്കാരെ വ്യാമോഹിപ്പിക്കാനായി ചില സങ്കല്പ വിജയങ്ങളെപ്പററി പ്രസ്താവിക്കാനാണ് അവർ ഒരുങ്ങുന്നത്. യുദ്ധത്തിൽ ജാപ്പാൻകാർ എന്തായാലും തോല്ക്കാൻ പോകുന്നില്ലെന്നു ടോക്കിയോ റേഡിയോ ഉച്ചത്തിൽ ഉൽഘോഷിക്കുന്നു. ഇതിന്റെ ഫലം ഉദ്ദേശത്തിന്നെതിരായിട്ടാണ് കലാശിച്ചത്. 'ഡെയിലി മെയിൽ' എന്ന പത്രത്തിൽ യുദ്ധകാലം മുതൽ ഇതുവരെ ജാപ്പാനിൽ താമസിച്ചിരുന്ന മിസ് ആർട്ടമിസ് ഗോയട്ട്സ് (Miss Artemise Goertz) ന്റെ പ്രസ്താവനയിൽനിന്ന് ജാപ്പാൻകാർ പരിപൂർണ്ണ വിജയത്തിൽ വിശ്വസിച്ചിരുന്നതായി തെളിയുന്നുണ്ട്. ജനങ്ങളുടെയിടയിൽ ഇത്ര ദൃഢമായ ഒരു വിശ്വാസമുണ്ടായതിനു കാരണം, ടോക്കിയോ ഗവർമ്മെണ്ടിന്നു ഓരോ ജാപ്പാൻ വ്യക്തിയുടെയും മനസ്സിന്മേലും, ജീവിതത്തിന്മേലും, പ്രവൃത്തിയിന്മേലുമുള്ള സ്വാധീനശക്തിയാണ് എന്ന് അവർ പറയുന്നു.

ഇതുകൊണ്ടൊന്നും ചൈനയിൽ പറയത്തക്ക ഒരു പുരോഗതിയും ജാപ്പാനുണ്ടായിട്ടില്ല. ബർമ്മയെ സംബന്ധിച്ച ജാപ്പാൻകാരുടെ ജല്പനങ്ങൾ ചൈനക്കാർ വിശ്വസിച്ചില്ലെന്നുമാത്രമല്ല, അവർക്കു ഐക്യശക്തികളോടു വിരോധഭാവം ഉണ്ടാക്കാൻ ജാപ്പാൻ ചെയ്ത ശ്രമം വിഫലമാവുകയും ചെയ്തു. ഐക്യശക്തികൾ യാതൊരു സഹായങ്ങളും ചെയ്യുകയില്ലെന്നും, സാമഗ്രികളൊന്നും അവർക്കു കിട്ടുകയില്ലെന്നും മററും പറഞ്ഞിരുന്നത് ചൈനക്കാർ കേവലം അവഗണിച്ച് "ഞങ്ങൾക്ക് മൌണ്ട്ബാററനിലും, ആക്കിൻലെക്കിലും, ഇന്ത്യനും ബ്രിട്ടിഷും ഭടന്മാരിലും, പരിപൂർണ്ണവിശ്വാസമുണ്ട്" എന്നു പറഞ്ഞതായി താ കുങ് പാഓ (Ta Kung Pao) എന്ന ചൈനീസ് പത്രം രേഖപ്പെടുത്തിയിരിക്കുന്നു.

മണിപ്പൂരിനെ സംബന്ധിച്ചുള്ള ഐക്യകമ്മ്യൂണിക്കേ സിംഗപ്പൂരിന്റെ കഥപോലെയാണെന്നുള്ള ജാപ്പാൻകാരുടെ വിമർശനത്തിന്നു മറുപടിയായി, സാവോ ടാങ് പാഓ (Sao Tang Pao) എന്ന ചൈനീസ് യുദ്ധകാര്യപ്പത്രം "1942 ലെ സ്ഥിതിയിൽനിന്ന് എത്രയോ വ്യത്യസ്തമാണ് ഇന്നു ഐക്യശക്തികളുടെ നില, ഇന്നു വേണ്ട സഹായസൈന്യങ്ങളും സാമാനങ്ങളും അവർക്കു അടുത്തുതന്നെയുണ്ട്" എന്നു സമാധാനം പറഞ്ഞിരിക്കുന്നു. മൌണ്ട്ബാററൻ പ്രഭുവിന്റെ തലസ്ഥാനം മാററത്തിനെപ്പററി "സിംഗപ്പൂരിനും റംഗൂണിനും നേരെ കടൽവഴിയായ ഒരാക്രമണം നടത്തണം എന്ന് അദ്ദേഹം എപ്പോഴും തിരക്കിക്കൊണ്ടിരുന്നു. സിംഗപ്പൂർവരെ പോകാതെ തന്നെ, ആൻഡമാൻ ദ്വീപുകളെ കയ്യേറുകയും റംഗൂണിൽ പ്രവേശിക്കുകയും ചെയ്താൽ തന്നെ ഇൻഡോ-ബർമ്മാ രംഗത്തിലെ യുദ്ധഗതി ആകെയൊന്നു മാറുന്നതായിരിക്കും. നമ്മുടെ ഗതി തീരെ മന്ദമാണെന്നു ചിലർ വിചാരിക്കുന്നുണ്ടായിരിക്കാം. പക്ഷെ, തെക്കുകിഴക്കൻ രംഗത്തിലെ ഐക്യ സൈന്യങ്ങൾക്കു അതിന്നു വേണ്ട ശക്തിയുണ്ടെന്നു ഞങ്ങൾക്ക് നല്ല ബോധ്യമുണ്ട്" എന്നു പ്രസ്താവിച്ചിരിക്കുന്നു. ഈ ലേഖനങ്ങളിൽ നിന്നു ജാപ്പാൻകാരുടെ ദുഷ്പ്രവചനം കൊണ്ടു ചൈനക്കാരുടെ മനസ്സിൽ മറിച്ചു ധരിപ്പിക്കാൻ സാധിച്ചിട്ടില്ലെന്നു നമുക്കു പ്രത്യക്ഷമാകുന്നു. ചൈനക്കാർക്കു വേണ്ട സഹായങ്ങളെത്തിച്ചുകൊടുക്കാൻ തക്കതായ ഐക്യകക്ഷികളുടെ ഇന്നത്തെ നിലയെപ്പററി അന്യത്ര വിസ്തരിച്ചിട്ടുണ്ടല്ലോ. ബർമ്മാരംഗത്തിൽ ആരംഭിച്ചിട്ടുള്ള കലശലായ കാലവർഷവും യുദ്ധ വിഷയത്തിൽ ഐക്യശക്തികൾക്കാണ് കൂടുതൽ അനുകൂലമായിരിക്കുന്നത്. വർഷത്തിനോടു നേരിടാൻ കഴിയാതെ ഒരുപക്ഷേ ജാപ്പാൻ പിൻ വാങ്ങിയേക്കാനുമിടയില്ലാതില്ല എന്നു നമുക്കുദ്ദേശിക്കാൻ ന്യായമുണ്ട്.

# യുദ്ധസഞ്ചിക

## ആഴ്ചപ്പതിപ്പ്

മദിരാശി: 1944 ജൂൺ 2-ാംനു, വെള്ളിയാഴ്ച

## യുദ്ധസ്ഥിതി

ഈ ആഴ്ചയിൽ എല്ലാ സമരമുഖങ്ങളിലും ഐക്യകക്ഷികൾക്കു പുരോഗതിയാണുണ്ടായിട്ടുള്ളതെന്നതു് ഒരു സന്തോഷകരമായ വൎത്തമാനമാണു്. ഇററലിയിൽ ഹിററ്ലർ ലൈൻ നാമാവശേഷമായി എന്നു മാത്രമല്ല, അതിലുള്ള പ്രധാന സ്ഥലങ്ങളെല്ലാം ഐക്യകക്ഷികൾക്കധീനമായിരിക്കുന്നു. ഇതുകൊണ്ടു് റോമിലേക്കുള്ള പ്രയാണം സുഗമമായിട്ടുണ്ടു്. ഐക്യസൈന്യങ്ങൾ ഇന്നു് റോമിനോടു് പതിനാറു നാഴിക അടുത്തുവരെയെത്തിക്കഴിഞ്ഞു. ശത്രുക്കൾ ത്വരിതഗതിയായി പിൻവാങ്ങുന്നു. ഐക്യകക്ഷികളുടെ സൈന്യം അവരെ പിൻതുടരുന്നുമുണ്ടു്. വെല്ലററി (Velletri), അകിനോ (Aquino) തുടങ്ങി നെററുനോ (Nettuno) വരെയുള്ള എല്ലാ പട്ടണങ്ങളും ജൎമ്മൻകാർ കൈവിടുകയും, സഖ്യശക്തികൾക്കു കീഴടങ്ങുകയും ചെയ്തിരിക്കുന്നു. ഈ പ്രദേശങ്ങളിലുള്ള ശത്രുവിന്റെ എതിൎപ്പും ശിഥിലമായിത്തീൎന്നിരിക്കുന്നു. ഇതിൽനിന്നെല്ലാം ഊഹിക്കേണ്ടതു് ശത്രുവിന്റെ ആക്രമണശക്തി കുറഞ്ഞിരിക്കുന്നുവെന്നും, അവരുടെ നയത്തിന്നു എന്തോ ഒരു വ്യത്യാസം വന്നിട്ടുണ്ടെന്നുമാണു്. ഇററലിയുടെ ഉത്തരഭാഗത്തുനിന്നു പിൻവലിച്ചു്, ആൽപ്സ് നിരകളിലേക്കു പിൻവാങ്ങി അവിടെയുള്ള ഇടുങ്ങിയ മലഞ്ചരിവുകളിൽനിന്നു ശക്തിയോടുകൂടി എതിൎക്കാമെന്നായിരിക്കുമോ ഹിററ്ലറുടെ ആന്തരം? സന്നാഹങ്ങൾ കുറച്ചു്, ശക്തിയോടുകൂടി എതിൎക്കുവാൻ സൌകൎയ്യമുള്ള സ്ഥലവുമാണതു്. ഹിററ്ലറുടെ സേനയെ അധികം താമസിയാതെ മറെറാരു രംഗത്തിലേക്കു നയിക്കേണ്ടിവരുമെന്നു ഇപ്പോൾ ഏകദേശം തീൎച്ചയായിട്ടുണ്ടു്. അതൊരു സമയം ഫ്രാൻസിലേക്കായിരിക്കുമെന്നു അയാൾ ഉഹിക്കാനും ഇടയുണ്ടു്.

ഒരു വമ്പിച്ച ആക്രമണത്തെപ്പററിയുള്ള സംസാരം മുഴങ്ങാൻ തുടങ്ങിയിട്ടു കുറച്ചു കാലമായല്ലോ. അതു പൊട്ടിപ്പുറപ്പെടുന്നതു് ഫ്രാൻസിലായിരിക്കുമെന്നു ഹിററ്ലർ പ്രതീക്ഷിക്കുന്നുണ്ടാവണം. അതുകൊണ്ടു് ഇററലിയിൽ, തല്ലും തടവുമായി അധികകാലം കളിക്കാൻ തരമില്ല. ബാൾക്കനിൽനിന്നു് വിട്ടു് ആസ്റ്റ്രിയൻ അതിൎത്തികളിലേക്കു് പിൻവാങ്ങുവാനായി ശ്രമിക്കുന്നുണ്ടെന്നു മുൻലക്കത്തിൽ സൂചിപ്പിച്ചിട്ടുണ്ടല്ലോ. ആ നയത്തിന്റെ മറെറാരു വശമാണു് ഇററലിയിൽനിന്നുള്ള ഈ പിൻവാങ്ങൽ. ഹിററ്ലറുടെ അധീനത്തിൽ വന്നിട്ടുള്ള രാജ്യങ്ങളിൽ എല്ലാംകൊണ്ടും പ്രാധാന്യം ഫ്രാൻസിന്നാണു്. ഫ്രാൻസ് കൈവിടാതിരിക്കാനാണു് ഹിററ്ലറുടെ ഇനിയത്തെ ശ്രമം.

ആസ്സാം-ബൎമ്മാ സമരമുഖത്തിൽ ഇത്തരത്തിലല്ല വന്നു ചേൎന്നിട്ടുള്ളതു്. അവിടെ ഒരു തരം ഗൊറില്ലയുദ്ധമാണു് നടക്കുന്നതു്. ഇരുകക്ഷിക്കും പറയത്തക്ക വിജയങ്ങളുണ്ടായിട്ടുമില്ല. അവിടത്തെ പ്രധാന ഗതാഗതമാൎഗ്ഗങ്ങളായ ടിഡിം-പാലേൽ റോഡു്, ടാമു-പാലേൽ-ഇംഫാൽ റോഡു്, ഇംഫാൽ-കൊഹിമാ-ഡിമാപ്പൂർ റോഡു് ഇവയിൽനിന്നു് ശത്രുവിനെ നിശ്ശേഷം മാററാൻ ഇതുവരെ കഴിഞ്ഞിട്ടില്ലെങ്കിലും, ശത്രുവിന്നു കേറിത്തല്ലാനുള്ള സൌകൎയ്യങ്ങൾ ഇല്ലാതായിട്ടുണ്ടു്. തെക്കും വടക്കുമുള്ള ഐക്യകക്ഷികളുടെ സേനകൾ തമ്മിലുള്ള ബന്ധം നിലനിൎത്തിപ്പോരാൻ നമുക്കു സാധിച്ചിട്ടുമുണ്ടു്. മണിപ്പൂർ മാൎഗ്ഗമായി കടക്കാൻ ശത്രുക്കൾ ചെയ്തിട്ടുള്ള ശ്രമം ഫലിച്ചിട്ടുമില്ല. എന്നു മാത്രമല്ല, ശത്രുക്കളുടെ സംഭരണ കേന്ദ്രങ്ങൾ നമ്മുടെ വിമാന സേന തകൎത്തുകൊണ്ടിരിക്കുന്നു. ഇതിൽ ചിൻഡിററ്സുകളുടെ സഹകരണം ഊൎജ്ജിതമായിട്ടുണ്ടു്. ശത്രുക്കളുടെ ഗതാഗതമാൎഗ്ഗങ്ങളിൽ പ്രതിബന്ധങ്ങളുണ്ടാക്കുന്നതിന്നു് അവർ അതിസമൎത്ഥന്മാരാണു്. മിട്കിനായുദ്ധത്തിൽ അവർ ചെയ്ത സഹായം പ്രശംസിക്കത്തക്കതുതന്നെയാണു്. ഇവിടത്തെ ശത്രുവിമാന കേന്ദ്രം നമ്മുടെ അധീനത്തിലായിക്കഴിഞ്ഞിരിക്കുന്നതിനാൽ ഈ പട്ടണം, അധികം താമസിയാതെ ശത്രുക്കൾ കൈവിടേണ്ടിവരുമെന്നു തീൎച്ചയാണു്.

ഇതോടുകൂടി ചൈനാക്കാരുടെ ആക്രമണവും ആരംഭിച്ചിരിക്കുന്നതിനാൽ വ്യാഴചന്ദ്രന്മാരുടെ യോഗംപോലെ ഒരു വമ്പിച്ച വിജയം നമുക്കാശിക്കാം. ബൎമ്മാ-ചൈനാ റോഡിലുള്ള ചെഫാങ്ങ് (Chefang) എന്ന സ്ഥലം ചൈനക്കാർ പിടിച്ചുകഴിഞ്ഞിരിക്കുന്നു.

(ശേഷം 6-ാം പേജിൽ)

# ജാപ്പാൻ ശല്യം

## ബീഹാറിലെ പ്രൊവിൻഷ്യൽ ഓർഗനൈസർ പുറപ്പെടുവിച്ച ഒരു ലഘുലേഖ

ജർമ്മൻകാരും ജപ്പാൻകാരും തമ്മിലുള്ള സഖ്യം ഒരു സൌകര്യ സഖ്യമല്ല; വിപുലമായ പല ആദർശങ്ങളിലും, അവർക്കു മൌലികമായ പൊരുത്തമുണ്ടു്; ജീവിത വീക്ഷണ ഗതിയിലും, മിക്ക പ്രമാണങ്ങളിലും, ആചാരങ്ങളിലും അവർ അന്യോന്യം വളരെ യോജിക്കുന്നു. "താണ വർഗ്ഗക്കാ"രെന്നു അവർ കരുതുന്നവരോടുള്ള പെരുമാററത്തിലാണു്, അവരുടെ ഈ അന്യോന്യ സാദൃശ്യം ഏററവും തെളിഞ്ഞുകാണുന്നതു്. കൂടാതെ, വർഗ്ഗീയത്വം ഒരു ശാസ്ത്രജ്ഞൻെറ ദൃഷ്ടിയിൽ പെടുന്നതിൽനിന്നു നിശ്ശേഷം വ്യത്യസ്തമായാണു അധികാരഭ്രാന്തനായ ഒരു രാഷ്ട്രീയ ചിന്തകനു തോന്നുക. രാഷ്ട്രീയ ചിന്തകൻ ഈ വാക്കു, സാധുക്കളും അനാഥരുമായവരുടെ വസ്തുവകകളേയും രാജ്യത്തേയും കരസ്ഥമാക്കാൻ തനിക്കുള്ള അത്യാർത്തിയെ മൂടുവാനുള്ള ഒരു മൂടുപടമായിട്ടാണു് ഉപയോഗിക്കുന്നതു്; എന്നാൽ ശാസ്ത്രജ്ഞനാകട്ടെ, ഒരു സാമാന്യ പൂർവ്വികനിൽ നിന്നു, ദീർഘമായ പരമ്പരയാ നാം ആർജ്ജിക്കുന്ന ശാരീരികവും അല്ലാതെയുമുള്ള പ്രകൃതവിശേഷങ്ങളെ കുറിക്കുവാനാണു് ഈ വാക്കുപയോഗപ്പെടുത്തുന്നതു്. സുപ്രസിദ്ധ ശാസ്ത്രജ്ഞനായ ജൂലിയൻ ഹക്സ്ലിയുടെ അഭിപ്രായം പരിശോധിക്കുന്നതായാൽ ഈ വാസ്തവം വെളിവാകുന്നതാണു്. മനുഷ്യൻ സഞ്ചാരപ്രിയനാണു്, സ്ഥലം മാറിക്കൊണ്ടിരിക്കാൻ എപ്പോഴും ഒരു ആസക്തി അവൻ കാണിക്കുന്നു. തന്നിൽനിന്നു വ്യത്യസ്തമായ പാരമ്പര്യവും, ആകൃതിയുമുള്ളവരുമായി ഇണ ചേരുന്നതിനുള്ള സന്നദ്ധതയും മറെറാരു ജീവിയിലും കാണാത്തതായി മനുഷ്യനിലുണ്ടു്. ഇതിൻെറ ഫലമായി, ഇക്കഴിഞ്ഞ നൂററാണ്ടുകളിലായി മനുഷ്യവംശം തീരെ കൂടിക്കലർന്നു പോകുകയും, ഒരു സമുദായമെങ്കിലും, പരിഷ്കൃത രാജ്യങ്ങളിൽ, പരിപൂർണ്ണം ശുദ്ധമായിട്ടില്ലാതാവുകയും ചെയ്തിരിക്കുന്നു. ഇന്നു്, ഒരു ശുദ്ധനോർഡിക്കു് വർഗ്ഗമെന്നോ, അഥവാ, നിപ്പോണീസ് വർഗ്ഗമെന്നോ പറയുന്നതു കേവലം മിഥ്യയായിത്തീർന്നിരിക്കുന്നു.

എന്നാലും "വർഗ്ഗശുദ്ധി" ഒരു മുദ്രാവാക്യമായിത്തീർന്നിട്ടുണ്ടു്. എന്തുകൊണ്ടെന്നാൽ, ഓരോ മനുഷ്യനും താൻ ഈശ്വരൻെറ സ്വന്തമാണെന്നും, മററുള്ള സകലരിൽനിന്നും മെച്ചമാണെന്നും, "പ്രഥമ സൃഷ്ടി" വരെ പിന്നോട്ടു എണ്ണത്തക്കവിധം അത്ര പുരാതനമായ ഒരു വർഗ്ഗശുദ്ധിയുള്ള പാരമ്പര്യം തനിക്കുണ്ടെന്നും വിചാരിക്കുവാൻ ഇഷ്ടപ്പെടുന്നു. ഈ ഒരു മനോഭാവം ഉണ്ടാവുന്നതിൽ യാതൊരു തരക്കേടുമില്ല. ഒരാൾ തൻെറ വംശത്തെ ആദിയിലെ ബ്രഹ്മസൃഷ്ടിവരെ പുരാതനമെന്നു അവകാശപ്പെടുന്നതുപോലും ലോകം വകവെക്കുകയില്ല; പക്ഷെ, അങ്ങിനെയുള്ള ഒരു മനോഭാവം, ഒരുവനെ, കൊള്ളരുതാത്ത പൌരനോ, മററുള്ളവരെല്ലാം ജീവിക്കുവാൻപോലും അനർഹരെന്നു പുച്ഛിക്കുന്നവനോ, കള്ളനോ, ഇഷ്ടമുള്ള എന്തും ചെയ്വാൻ തനിക്കു മാത്രമേ അവകാശമുള്ളു എന്ന ഭാവത്തിൽ വഞ്ചന ചെയ്യുന്നവനൊ, ആക്കിത്തീർക്കുന്നപക്ഷം, അയാളുടെ ചരക്കെല്ലാം വെളിക്കിറക്കുവാൻ മററുള്ളവർക്കു തീർച്ചയായും സർവ്വാവകാശവും ഉണ്ടെന്നു ധൈര്യമായി പറയാം. ജർമ്മൻകാരനും ജപ്പാൻകാരനും ലോകം തങ്ങൾക്കു മാത്രമവകാശപ്പെട്ടതാണെന്നു് അവരുടെ ഭരണാധികാരികളിൽനിന്നു പഠിച്ചിട്ടുണ്ടു്; അതനുസരിച്ചു് ലോകത്തെ അവർ രണ്ടുകൂട്ടരുമായി പങ്കിട്ടു എടുക്കുവാൻ നിശ്ചയിച്ചിരിക്കുന്നു. കറുത്തതോ, വെളുത്തതോ, മഞ്ഞയോ, മങ്ങിയതോ ആയ മററു സകല മനുഷ്യവർഗ്ഗങ്ങളും മൃഗങ്ങളാണെന്നും, വേണമെന്നു തോന്നുമ്പോൾ നശിപ്പിക്കാനുള്ളവരാണെന്നുമാണു് അവരുടെ വിശ്വാസം.

നൂററാണ്ടുകളായുള്ള മാനുഷിക പരിഷ്കാരത്തിനുശേഷം ഈ ഇരുപതാം നൂററാണ്ടിൽ പോലും, ഇങ്ങിനെയൊരു മുറവിളികൂട്ടുവാൻ സാധിക്കുന്നുവെന്നതു വിശ്വസിക്കുവാൻ തന്നെ വിഷമമാണു്; കുറേക്കൂടി അവിശ്വാസ്യമാണു് ഒരു ജനത മുഴുവനും ഈ മാതിരി ഒരു ദൂഷിത മനോഭാവത്താൽ പ്രേരിതമായിരിക്കുകയെന്നുള്ളതു്. എങ്കിലും ജർമ്മനിയിലും, ജപ്പാനിലും അങ്ങിനെതന്നെയാണു് സംഭവിച്ചിരിക്കുന്നതു്. നിപ്പൻെറ ഓരോ സന്താനത്തിൻേറയും ഹൃദയത്തിൽ, താൻ ഐശ്വരപാരമ്പര്യമുള്ളവനാണെന്നുള്ള ബോധം രൂഢമൂലമായിട്ടുള്ളതിനാൽ, ഒരുവൾക്കും, തന്നോടു എതിർക്കുവാൻ അധികാരമില്ലെന്നു അവർ കരുതുന്നു. ഇക്കഴിഞ്ഞ ഒരു മുക്കാൽ ശതാബ്ദങ്ങളായി ജപ്പാനിലെ രാജാക്കന്മാർ, ഭൌതികൈശ്വര്യവും സൈനിക ശക്തിയും ഒഴിച്ചാൽ, മദ്ധ്യ ഏഷ്യയിലെ പുൽപ്രദേശങ്ങ (Steppes) ളിൽ അലഞ്ഞു തിരിഞ്ഞിരുന്നവർക്കും ഇന്നത്തെ പരിഷ്കൃത ജാപ്പാൻകാർക്കും തമ്മിൽ യാതൊരു വ്യത്യാസവുമില്ലാത്ത മാതിരിയാണു് അവരുടെ "വിദ്യാഭ്യാസം" ക്രമപ്പെടുത്തിയിരിക്കുന്നതു്. ജാപ്പാൻകാർക്കു പൊതുവേയുള്ള ആ "സമുദായ മേന്മാ" മനോഭാവത്തേയും, ജാപ്പാൻ രാജവംശത്തിൻെറ ഈശ്വരാംശത്വത്തേയും ചാതുര്യത്തോടുകൂടി പ്രയോജനപ്പെടുത്തിക്കൊണ്ടു്, അവിടത്തെ രാജാക്കന്മാർ ഒരു ജനതയെ മുഴുവൻ കിറുക്കു പിടിപ്പിച്ചു. പക്ഷെ, ഇതു ജാപ്പാൻകാർക്കു മൊത്തത്തിൽ ഗുണകരമായിരുന്നില്ല. രാഷ്ട്രീയവും, സൈനികവും, ധനപരവുമായ സകല ശക്തികളും ഏതാനും ചിലരുടെ കൈകയിലാണു്; കരസൈന്യവും കടൽസൈന്യവും ചേർന്നാണു് ഭരണനിയന്ത്രണം ചെയ്യുന്നതു്; ഇവയെ രണ്ടിനേയും അടക്കി ഭരിക്കുന്നതു് മുതലാളികളാണു്. ഇങ്ങിനെ, ആദായപ്രീതത്തിനു കൊതിയന്മാരായ വ്യവസായികളുടെ ഒരു സംഘവും, ആക്രമണം നടത്താൻ ആർത്തിയോടെയിരിക്കുന്ന ഷാവുനിസ്റ്റിക്കു യുദ്ധപ്രമാണി (Chauvinistic War lords) കളുടെ ഒരു സംഘവും ചേർന്നാണു് രാജ്യം ഭരിക്കുന്നതെന്നു പറയാം. ഈ ചെറു സംഘങ്ങൾ "തിരഞ്ഞെടുക്കപ്പെട്ടവ"യാണു്. അവർ യമാതോ (Yamato race) വംശക്കാരാണു്; ലോകത്തിൻെറ സ്ഥിതി തന്നെ അവർക്കായിട്ടാണു്. സ്വന്തം രാജ്യത്തു പോലും, ക്ഷമാശീലരായ കൃഷീവലന്മാരും, ഉപജീവനത്തിന്നായി നിത്യവും കടലിലെ കഷ്ടതകളോടു മല്ലടിക്കുന്ന മീൻ പിടിത്തക്കാരും, വ്യാവസായിക ലോകത്തിലും, ആയുധവ്യാപാരത്തിലും പ്രശസ്തി നേടിക്കൊടുക്കുവാനായി വ്യവസായശാലകളിൽ വിയർത്തൊലിച്ചു വേലചെയ്യുന്ന വ്യവസായ തൊഴിലാളികളും, പഠിപ്പു വേണ്ടതായ പ്രവൃത്തികളിലും രാഷ്ട്രീയ സേവനങ്ങളിലും ഏർപ്പെട്ടു് അരിഷ്ടിച്ചു അഷ്ടി കഴിക്കുന്ന "വിദ്വത്ശിരോമണി" കളും എല്ലാം, മുതലാളിത്വ-സൈനികപ്രമാണിത്വത്തെ ആസ്പദമാക്കിയ ജാപ്പാൻകാരുടെ മഹത്വത്തിനുള്ള മാർഗ്ഗങ്ങൾ മാത്രമാണു്.

ഇതാണു് ജാപ്പാനെക്കൊണ്ടുള്ള ശല്യം. അവർ സ്വകാര്യ ലാഭത്തിനായി തുനിഞ്ഞിറങ്ങിയിരിക്കുകയാണു്. സ്വന്തം രാജ്യക്കാരെ, യാതൊരു കൂസ്സലുമില്ലാതെ സ്വാർത്ഥത്തിന്നായി ദ്രോഹിച്ചതിന്നുശേഷം, മററുള്ളവരുടെ നേരേ തിരിഞ്ഞിരിക്കുകയാണു്. "ജപ്പാൻ വിസ്തൃതമാകണം": ഇതാണവരുടെ ആഗ്രഹം. ഈ വികസനത്തിനായി ദൈവികവും മാനുഷികവുമായ സകല നിയമങ്ങളും അവർ ലംഘിച്ചു കഴിഞ്ഞു. ജാപ്പാൻകാരുടെ സ്വാർത്ഥകാര്യ നേട്ടം വളരെ അപരിഷ്കൃതവും, മൃഗീയവുമാണു്. അവരുടെ വർഗ്ഗീയമേന്മ, തങ്ങളിൽനിന്നു വ്യത്യസ്തരെന്നു അവർ കരുതിവരുന്ന ജനങ്ങളുടെ മൌലികമായ മാനുഷതാല്പര്യങ്ങളേപ്പോലും അവഗണിക്കുവാൻ അവരെ പ്രേരിപ്പിക്കുന്നു. ജാപ്പാൻകാർ പിടിച്ചടക്കിയ രാജ്യങ്ങളിലെ സ്ത്രീകളുടെ മാനത്തിനോ അവരുടെ സ്വത്തിനോ ഒന്നും ക്ഷേമമില്ല. അവർ പിടിച്ച രാജ്യങ്ങളിലെ സകലതും അവരുടെ ന്യായമായ സമ്മാനമാണെന്നു കരുതുന്നു. ഭടന്മാരോരോരുത്തരും സൈന്യത്തിലെ അംഗമായിരിക്കുന്നതിനാൽ അയാൾക്കും, കീഴടക്കിയ രാജ്യത്തു ഇഷ്ടമുള്ളതെന്തും ചെയ്വാൻ അനുവാദമുണ്ടു്. വീടുകളിൽ കടന്നു കൈയേറുക, അവിടത്തെ സാമാനങ്ങൾ അപഹരിക്കുക, സ്ത്രീകളെ പിടിച്ചുകൊണ്ടുപോകുക ഇതെല്ലാം നിത്യസംഭവങ്ങളാണു്. അവരുടെ ഈ മൃഗീയതക്കെല്ലാം ഒരു രീതിയും ഉദ്ദേശവും ഉണ്ടു്. പിടിച്ചടക്കിയ രാജ്യത്തുള്ളവരെയെല്ലാം ദാരിദ്ര്യത്തിലാഴ്ത്തിയും, കറുപ്പു കൊടുത്തു മയക്കിയും, അവരുടെ സംസ്കാരവും പരിഷ്കാരവും നശിപ്പിച്ചും, തങ്ങൾക്കു സ്വാധീനമുള്ള സകല വിധത്തിലും അവരെ അധഃപതിപ്പിക്കുന്നു. ജാപ്പാൻകാർ പിടിച്ചടക്കിയ രാജ്യങ്ങളിലും, ജപ്പാനിൽ തന്നെയും ഉള്ള ഫാസിസത്തിൻെറ പരിപൂർണ്ണ ഭയങ്കരത്വം വേറൊരു ലഘുലേഖയിൽ പ്രസ്താവിക്കാം.

2

# യു. എസ്സ്. എസ്സ്. ആർ.

## (യൂണിയൻ ഓഫ് സോവിയററ് സോഷ്യലിസ്റ്റ് റിപബ്ലിക്ക്)

(തുടർച്ച)

യു. എസ്. എസ്. ആർ-ൻെറ ഭരണഘടന അവിടത്തെ മൌലിക നിയമത്തിൻെറ ഒരു സംഘാതമാണെന്നു പറയാം. സോവിയററു യൂണിയനിലെ സമുദായത്തിൻെറയും രാഷ്ട്രത്തിൻെറയും പൊതു സ്ഥാപനങ്ങളുടേയും, കോടതികളുടേയും, നിയമ സഭകളുടേയും, എല്ലാം ഭരണത്തെ നിശ്ചയിക്കുന്നതു് ഇതാണ്. കൂടാതെ രാഷ്ട്രത്തിൻെറ കൊടിയടയാളത്തിൻെറ രൂപവും തലസ്ഥാനവും കൂടി ഇതാണ് നിർണ്ണയിച്ചിട്ടുള്ളതു്.

ആദ്യത്തെ യു. എസ്. എസ്. ആർ. ഭരണകൂടം സോവിയററ് യൂണിയൻെറ രണ്ടാം സർവ്വ സമ്മേളനത്തിൽവെച്ചു 1924 ജനവരിയിലാണ് പുനർരൂപീകൃതമായതു്. പുതിയ നിയമമനുസരിച്ചാണ് ഈ രൂപീകരണം നടന്നതു്. സോവിയററു യൂണിയനിൽ അനവധി വിവിധ രാഷ്ട്രങ്ങൾ സംയോജിച്ചിരിക്കുന്നുവെന്നു മുൻപുതന്നെ പറയുകയുണ്ടായല്ലോ. 1924-നും 1936-നും മദ്ധ്യേ ഉണ്ടായ സാമ്പത്തികവും, സാമുദായികവുമായ വ്യത്യാസങ്ങളാൽ ഈ ഭരണഘടന പിന്നേയും പുതുക്കേണ്ടിവന്നു. അതിനാൽ 1935 ൽ സ്റ്റാലിൻെറ അഗ്രാസനാധിപത്യത്തിൽ ഒരു പരിഷ്കൃത പദ്ധതിയുടെ കരടു ഉണ്ടാക്കി പൊതു സമ്മതിക്കായി പരസ്യപ്പെടുത്തി. അഞ്ചു മാസം കൊണ്ടു് രാജ്യമെങ്ങുമുള്ള സകല ജനങ്ങളുടെയും ആലോചനയുടെ ശേഷമുള്ള സമ്മതിപ്രകാരം 1936 ൽ ഈ പുതിയഘടന തൽകർത്താവിൻെറ നാമമുദ്രാങ്കിതമായി സ്വീകരിക്കപ്പെട്ടു.

### രാഷ്ട്രീയ ഘടന

തൊഴിലാളികളുടെ യോഗങ്ങൾ ചേർന്നാണ് യു. എസ്. എസ്. ആർ-ലെ രാഷ്ട്രമുണ്ടായിട്ടുള്ളതു്. സർവ്വാധികാരവും യു. എസ്. എസ്. ആർ-ലെ തൊഴിലാളികളുടെ പ്രതിനിധികൾക്കാണ്. അവിടത്തെ മൌലിക തത്വം സോഷ്യലിസം തന്നെ. അതിൻെറ ആദർശപ്രകാരം ഭൂ ഉടമസ്ഥത, വനങ്ങൾ, വ്യവസായ ശാലകൾ, മില്ലുകൾ, മററു ഉല്പന്നമാർഗ്ഗങ്ങൾ ഇവയെയെല്ലാം സംബന്ധിച്ചുള്ള നിയമനിർമ്മാണാധികാരം ഇവരിലാണ് സ്ഥിതിചെയ്യുന്നതു്. സാധുക്കളുടെ മേലുള്ള കുതിരകയററം, നാട്ടിലെ തൊഴിലില്ലായ്മ, ഇവയെ ഒഴിക്കുകയും, ശേഷിയുള്ള സകല പേർക്കും ഓരോ ജോലി നിശ്ചയിക്കുകയും, ഇവരുടെ ചുമതലയാണ്. സോവിയററു രാഷ്ട്രത്തിലെ സകല വ്യക്തികൾക്കും സമത്വമാണ്. സകലർക്കും അന്യോന്യം മൈത്രിയും.

സകലപേർക്കും വോട്ടധികാരമുണ്ടു്. വർഗ്ഗമോ, ജാതിയോ, ദേശമോ, സ്ത്രീപുരുഷഭേദമോ, വിദ്യാഭ്യാസ പരമോ അല്ലാതെയോ ഉള്ള യോഗ്യതകളോ യാതൊന്നും ഇതിൽ ബാധകമായിരുന്നില്ല. വിദ്യാഭ്യാസം ചെയ്യുന്നതിനും, ജോലി ചെയ്യുന്നതിന്നും, വിശ്രമിക്കുന്നതിന്നും, സകലതിന്നും എല്ലാ വ്യക്തിക്കും തുല്യാവകാശമുണ്ടായിരുന്നു. യോഗങ്ങൾ കൂട്ടുന്നതിനും, ഘോഷയാത്രകൾ നടത്തുന്നതിനും, അഭിപ്രായം പ്രകടിപ്പിക്കുന്നതിനും മററും സകലർക്കും സർവ്വസ്വാതന്ത്ര്യമുണ്ടായിരുന്നു.

### പൌര ധർമ്മം

ഓരോ പൌരൻെറയും ജോലിയെ സംബന്ധിച്ചുള്ള നിയമവും ഈ ഭരണഘടനയാണ് ഏർപ്പെടുത്തുന്നതു്. നിയമപ്രകാരം ഓരോരുത്തരും അവരവരുടെ കടമ ചെയ്യുകയും, അച്ചടക്കം പാലിക്കുകയും, രാഷ്ട്ര നീതികളെ ആദരിക്കുകയും ചെയ്യേണ്ടതാണ്. തൻെറ രാജ്യത്തിൻെറ രക്ഷക്കായി വേണ്ടതു ചെയ്യുന്നതു് ഓരോ പൌരൻേറയും പവിത്രധർമ്മമായി, കരുതിവന്നിരുന്നു.

സോവിയററു പ്രസ്ഥാനത്തിൻെറ അസ്ഥിവാരമായി പൊതു സ്വത്തുക്കളെ കാത്തു രക്ഷിക്കുകയും ബലപ്പെടുത്തുകയും ചെയ്യുന്നതു് എല്ലാ പൌരൻേറയും ധർമ്മമാണ്. അതേസമയം തന്നെ, ഓരോ വ്യക്തിയുടേയും ജോലി ചെയ്തു കിട്ടുന്ന സ്വന്ത സമ്പാദ്യങ്ങൾ, താമസസ്ഥലം, സാമാനങ്ങൾ, പാത്രങ്ങൾ തുടങ്ങിയ ഗൃഹ്യാവശ്യങ്ങൾ, വ്യക്തി സൌഖ്യാദിസൌകര്യങ്ങൾ, സ്വത്തുക്കളെ സംബന്ധിച്ച അവകാശ ക്രമങ്ങൾ ഇവയെല്ലാം നിയമപൂർവ്വം സുരക്ഷിതമായിരിക്കുകയും ചെയ്യുന്നു. കൂടാതെ അധികാരാവകാശങ്ങളെ പ്രഖ്യാപനം ചെയ്യുകമാത്രമല്ല, കടമ ശരിക്കു നിർവ്വഹിക്കുകയും യു. എസ്. എസ്. ആർ. ചെയ്തുവന്നിരുന്നു.

ഭരണകൂടവും ദേവാലയവുമായും, ദേവാലയവും വിദ്യാലയവും തമ്മിലും യാതൊരു ബന്ധവും ഇല്ലായിരുന്നതിനാൽ, ഓരോ വ്യക്തിക്കും മന:സാക്ഷിപരമായ സ്വാതന്ത്ര്യമുണ്ടായിരുന്നു. പൌര സ്വാതന്ത്ര്യത്തിന്നായി പ്രസ്സുകളെല്ലാം പൊതുജനങ്ങളുടെ സ്വാധീനത്തിലാക്കിയിരുന്നു. വിശ്രമത്തിന്നുള്ള സ്വാതന്ത്ര്യമനുഭവിക്കുമാറു്, അവധിക്കാലത്തു ശമ്പളവും, വിശ്രമ ഗൃഹങ്ങളും, സുഖവാസസ്ഥലങ്ങളും, ക്ലബ്ബുകളും നിശ്ചയിച്ചിരുന്നു. ആരോഗ്യപരമായ സ്വാതന്ത്ര്യാർത്ഥം സൌജന്യമായി ചികിത്സിക്കുന്ന ആതുരശാലകളും വൈദ്യശാലകളും ഉണ്ടാക്കിയിട്ടുണ്ടായിരുന്നു. യു. എസ്. എസ്. ആർ-ൻെറ 8-ാം സോവിയററു കോൺഗ്രസ്സ് അസാധാരണ യോഗത്തിൽ, സ്റ്റാലിൻെറ അഗ്രാസനാധിപത്യത്തിൽ പ്രസ്തുത യൂണിയൻ സ്വരൂപിക്കപ്പെട്ട ദിവസം, അതായതു, ഡിസെമ്പർ 5-ാം തിയ്യതി, ഒരു ദേശീയ അവധി ദിവസമായി പ്രഖ്യാപനം ചെയ്യപ്പെട്ടു.

---

(4-ാം പേജിൽനിന്നു തുടർച്ച)

മിട്കിനായിൽനിന്നു ഈ സ്ഥലത്തേക്കുക മുപ്പതു നാഴിക ദൂരമേയുള്ളൂ. വടക്കുനിന്ന് ചൈനക്കാരും, വടക്കൻ ബർമ്മയിലുള്ള സ്റ്റിൽവെല്ലിൻെറ സൈന്യങ്ങളും, ഇരുഭാഗത്തുനിന്നും കൂടി തള്ളിക്കേറുന്നതായാൽ ജാപ്പാൻസേന കെണിയിലകപ്പെടുന്നതാണ്. അങ്ങിനെയവരെ വളയാൻ സാധിച്ചാൽ ബർമ്മാറോഡു നിർബ്ബാധമായിത്തീരാനും, ആ വഴിക്കു ചൈനക്കാർക്കു യുദ്ധസാമഗ്രികളെത്തിച്ചുകൊടുക്കാനും സൌകര്യമുണ്ടാകുന്നതാണ്. ചൈനക്കാർക്കു വേണ്ടുന്ന സൌകര്യങ്ങളെത്തിച്ചുകൊടുക്കാൻ സാധിക്കാത്തതുകൊണ്ടാണ് അവരുടെ യുദ്ധം അടന്തയിലായതെന്നു പരക്കെ ബോദ്ധ്യമുണ്ടു്. ബർമ്മാറോഡ് പ്രതീക്ഷിക്കുന്ന വിധത്തിൽ ഒഴിഞ്ഞു കിട്ടുകയാണെങ്കിൽ ചൈനക്കാരുടെ ഈ കുറവിന് ഇനിമേൽ വഴിയുണ്ടാവുന്നതല്ല. എന്നു തന്നെയല്ല, ബർമ്മാരംഗത്തിലെ യുദ്ധം പൂർവ്വാധികം ഊർജ്ജിതമാകുകയും ചെയ്യേക്കാനിടയുണ്ടു്.

# ദക്ഷിണേന്ത്യൻ മഹനീയ സേവനം

## മദിരാശിക്കാർ അദ്വിതീയരാണ്

യുദ്ധം ആരംഭിച്ചു ഇതിനകം മദിരാശി സംസ്ഥാനത്തിൽനിന്നും, തിരുവിതാംകൂർ, കൊച്ചി, പുതുക്കോട്ട, ബംഗനപ്പള്ളി എന്നീ നാട്ടുരാജ്യങ്ങളിൽനിന്നുമായി, 322,479 ആളുകളിൽ കുറയാതെ, സാങ്കേതികമല്ലാത്ത ശാഖകളിൽ തന്നെ, പട്ടാളത്തിൽ ചേർന്നിട്ടുണ്ട്.

ഏററവും കൂടുതൽ ആളുകൾ യുദ്ധസേവനത്തിനു പോയിരിക്കുന്നതു വടക്കെ ആർക്കാട്ടു ജില്ലയിൽനിന്നാണ്. അവിടത്തെ ജനസംഖ്യയിൽ 11 ശതമാനം ആളുകൾ പട്ടാളത്തിലാണ്. രണ്ടാമതു മലബാർ ജില്ലയും, അടുത്തടുത്തായി, തിരുനെൽവേലി ജില്ല, തിരുവിതാംകൂർ, കൊച്ചി എന്നീ രാജ്യങ്ങളും വരുന്നു.

സാങ്കേതികമല്ലാത്ത ശാഖകളിലെന്നുവെച്ചാൽ, മുൻകൂട്ടി യാതൊരു പരിശീലനവുമില്ലാതെ താന്താങ്ങളുടെ ജോലിയിൽ പ്രവേശിക്കുകയെന്നർത്ഥം.


ഇന്നത്തെ ഭടന്മാരിൽ മിക്കവരും മദിരാശിപ്പട്ടാളത്തിൽ പരിശീലനം കഴിഞ്ഞവരാണ്. എൻജിനിയറിംഗ്, വാർത്താവിവരണം തുടങ്ങിയ വിഭാഗങ്ങളിൽ ഐ. എ. എം. സി. യൊ ആർ. ഐ. എ. എസ്. സി. യൊ ആയി ഒരു പത്തു ശതമാനം ജനങ്ങൾ പയനിയർ സംഘത്തിൽ ചേർന്നിട്ടുണ്ട്. കൂടാതെ ക്യു. വി. ഓ. സാപ്പേർസ് മൈനേർസ് എന്ന വിഭാഗത്തിലും, മൂന്നാം മദിരാശിപ്പട്ടാളത്തിലുമായി അനവധി ആളുകൾ ചേരുന്നുണ്ട്.

യുദ്ധാനന്തരം പ്രയോജനകരമായ ജീവനത്തിനു തങ്ങളെ പ്രാപ്തരാക്കുന്നതായ പല തൊഴിലുകളും ഇവർ പഠിക്കുന്നു. അതിന്റെ ഫലമായി യുദ്ധാനന്തരകാലത്തു, മദിരാശിയിൽ, പരിപൂർണ്ണ പരിശീലനം ലഭിച്ചിട്ടുള്ള അനവധി ആളുകൾ പുനസ്സംഘടനാപ്രവൃത്തിക്കു തയ്യാറായുണ്ടാവുന്നതായിരിക്കും.

ഇന്നും ഗ്രാമാന്തരങ്ങളിൽനിന്നും, ടൌൺകളിൽനിന്നും, നിരവധിയാളുകൾ യുദ്ധത്തിന്നായി പോയിരിക്കുന്നതിന്റെ ഫലമനുഭവപ്പെടുന്നു. ഉദാഹരണമായി, ഗുണ്ടൂരിലെ ബാപട്ട്ലാ താലൂക്കിലുള്ള ചാണ്ഡോൾ ഗ്രാമത്തിൽനിന്ന് 425 പേർ പട്ടാളത്തിൽ ചേർന്നതിന്റെ ഫലമായി ആ ആളുകളുടെ കുടുംബങ്ങളിൽ മണിയാഡർരായും അല്ലാതെയും കൂടി 3,293+2,026 ഉറുപ്പിക ആ ഗ്രാമത്തിൽ പ്രതിമാസം വന്നുചേരുന്നുണ്ട്. ഇങ്ങിനെ ധാരാളം പണം വരുന്നതിന്റെ ഫലമായി, തെക്കെ ഇന്ത്യയിൽ ഈ താലൂക്കിലും, വേറെയും പല താലൂക്കുകളിലും, ജീവിതത്തോതു ഗണ്യമായി ഉയർത്തുവാൻ സഹായിക്കുന്നുണ്ട്.

ഇക്കഴിഞ്ഞയാഴ്ചകളിൽ കിട്ടിയ റിപ്പോർട്ടുകളിൽ, മദിരാശിക്കാർ ഭടന്മാരെന്ന നിലയിൽ അദ്വിതീയരാണെന്നും, ബിർ ഹാച്ചിം (Bir Hachiem) യുദ്ധത്തിൽ പഴയ മദിരാശിപ്പട്ടാളക്കാർ കാണിച്ച പരാക്രമങ്ങൾ ഇന്നത്തെ ഭടന്മാരിൽ പുനരുജ്ജീവിച്ചിരിക്കുന്നതായി, അവരുടെ സകല സമരമുഖങ്ങളിലേയും എതിർപ്പിൽനിന്നു വെളിവാകുന്നുണ്ടെന്നും പ്രതിപാദിച്ചു കാണുന്നു.

## 3,275 ഉറുപ്പിക വിലയുള്ള ആംബുലൻസ്കാർ




മുകളിൽ ചേർത്തിരിക്കുന്നതു് 8″ × 5¾″ വലിപ്പത്തിലുള്ള ഒരു ചിത്രമാണ്. മദിരാശി ഗവർണ്ണരുടെ യുദ്ധകാര്യനിധി മുഖാന്തരം ഒരു പൂർണ്ണ യൂണിററിന്നായി സംഭാവന ചെയ്യുന്ന എല്ലാവർക്കും അതുമാതിരി ചിത്രം മദിരാശി ആംബുലൻസുകാർ കൊടുത്തുവരുന്നുണ്ട്. സംഭാവകന്റെ പേർ—ഒരു വ്യക്തിയായാലും ഒരു ജില്ലയായാലും—ആംബുലൻസിന്റെ മുൻഭാഗത്തു, തെളിവായി എഴുതിയിട്ടുണ്ടാവും. അതിനാൽ മുറിയേററ ഭടന്മാർക്കു, തങ്ങളെ വേഗം ആസ്പത്രിയിലേക്കു എത്തിക്കുന്നതിന്നു ആരുടെ ഉദാരസംഭാവനയാണ് ഉതകിയതു് എന്നു മനസ്സിലാകുന്നു. സകല സജ്ജീകരണങ്ങളുമുള്ള ഒരു ആംബുലൻസിന്നു 3,275 ഉറുപ്പികയെ വിലയുള്ളു; എന്തുകൊണ്ടു നിങ്ങളുടെ ഔദാര്യത്തിന്റെ ഒരു ഇരട്ടിപ്പതിപ്പു കാട്ടിക്കൂടാ? 3,275 ഉറുപ്പിക നിങ്ങളുടെ ജില്ലാ കലക്ടരുടെ പക്കലോ, മദിരാശി യുദ്ധനിധിയിലേക്കു അയച്ചുകൊടുക്കാനായി താസിൽദാരുടെ പക്കലോ, ആംബുലൻസിനെന്നു നിശ്ചയിച്ചു, ഏല്പിച്ചാൽമാത്രം മതി. ചുരുങ്ങിയ സമയത്തിന്നുള്ളിൽ പരിപൂർണ്ണം സജ്ജീകൃതമായ ഒരു ആംബുലൻസ്, നിങ്ങൾ നിശ്ചയിക്കുന്ന പേരോടുകൂടി യുദ്ധകാര്യ അധികൃതന്മാർക്കു ലഭിക്കും. പ്രസ്തുത വലിപ്പത്തിലുള്ള ഒരു ചിത്രം നിങ്ങൾക്കു സൌജന്യമായി അയച്ചുതരികയും ചെയ്യും. (ചിത്രത്തിന്റെ കൂടുതൽ പ്രതികൾ ആവശ്യമുണ്ടെങ്കിൽ ഒന്നിന്നു രണ്ടുറുപ്പിക വില നിരക്കിൽ കിട്ടുന്നതായിരിക്കും.)

# ഇരവിക്കുട്ടിപ്പിള്ള

## (ഒരു പുരാതന വേണാട്ടു രണവീരൻ)

(എം. പി. ബി. എ.)

നമ്മുടെ മാതൃഭൂമി വീരപ്രസൂവാണ്. ആരോമൽ ചേകവർ, പാലാട്ടു കോമൻ, തച്ചോളി ഒതേനൻ, ചന്തുണ്ണി തുടങ്ങി മലബാറിലും, ഇരവിക്കുട്ടി പിള്ള, കാളി നായർ, രാജകേശവദാസൻ, വേലുത്തമ്പി ദളവാ തുടങ്ങി തിരുവിതാംകൂറിലും പേർകേട്ട വീരന്മാർ ആ മാതാവിന്റെ സന്താനങ്ങളായി ജനിച്ചവരാണ്. കാലത്തിന്റെ പഴക്കംകൊണ്ടോ, സ്ഥലത്തെ ആളുകളുടെ അനാസ്ഥകൊണ്ടോ എന്തോ, ഇവരിൽ ചിലരുടെ വീരചരിത്രം ഇന്നും നമ്മിൽ പലക്കും അജ്ഞാതമായിട്ടാണിരിക്കുന്നത്.

ഇരവിക്കുട്ടിപ്പിള്ള തെക്കൻ തിരുവിതാംകൂറിൽ കേരളപുരം എന്ന സ്ഥലത്തു, കൊല്ലവർഷം 788-ാമാണ്ടു ജനിച്ചു. മഹാപുരുഷന്മാരുടെ ജന്മദേശത്തേയും, സ്ഥലത്തേയുംപററി സാധാരണ ഉണ്ടാവാറുള്ള തർക്കങ്ങൾ പ്രസ്തുത കഥാപുരുഷന്റെ കാര്യത്തിലും ഉണ്ടായേക്കാം. എങ്കിലും വിദ്വാന്മാർ ഏറെക്കുറെ ഇപ്പറഞ്ഞ സ്ഥലകാലങ്ങളെ സംബന്ധിച്ചേടത്തോളം യോജിക്കുന്നുണ്ട്. അന്നു വേണാട്ടു ഭരിച്ചിരുന്നതു ഉണ്ണിക്കേരളവർമ്മ തമ്പുരാനായിരുന്നു.

കഥാനായകന്റെ ജീവചരിത്രം, തെക്കൻ തിരുവിതാംകൂറിൽ പ്രചാരമുള്ള ഒരു പഴയ പാട്ടിൽനിന്നാണ് ഗ്രഹിക്കുന്നതു്. പ്രസ്തുത "ഇരവിക്കുട്ടിപ്പിള്ളപ്പോർപ്പാട്ട്", തമിഴും മലയാളവും കലന്ന ഒരു പഴയ പാട്ടാണ്. തെക്കൻ തിരുവിതാംകൂറിൽ "വില്ലടിച്ചാൻ പാട്ടു" എന്നൊരു പ്രസ്ഥാനം നടപ്പുള്ളതിനു ഇന്നും ഈ പാട്ടാണ് ആ പ്രദേശത്തുകാർ ഉപയോഗിച്ചുവരുന്നതു്. പാട്ടു സാമാന്യം വലിയതാകയാൽ പലരായിട്ടാണ് അതു് ഹൃദിസ്ഥമാക്കിയിരിക്കുന്നതു്. മററു പല പഴയ മതപരമായ പാട്ടുകൾക്കെന്നപോലെ എന്തോ ഒരു പവിത്രത ആ ദേശത്തുള്ളവർ ഈ പാട്ടിനു കല്പിച്ചുകാണുന്നു. അടുത്ത കാലത്താണ് ഇതിന്റെ മാഹാത്മ്യം മനസ്സിലായ പണ്ഡിതന്മാരിൽ ചിലർ ആ പാട്ടു മുഴുവൻ വില്ലടിച്ചാൻ പാട്ടുകാരുടെ പക്കൽനിന്ന് എഴുതി വാങ്ങിയതു്. ഇതിനകം അതിനെപ്പററി വിശദമായ പഠനവും ചിലർ നടത്തിയിട്ടുണ്ട്. ഏതാനും നാടകങ്ങളും എഴുതപ്പെട്ടിട്ടുണ്ട്. ഇത്രയൊക്കെയായാലും കഥാനായകൻ അർഹിക്കുന്നത്ര പ്രശസ്തിയോ, പ്രചാരമോ ഇന്നുവരെ ലഭിച്ചിട്ടുണ്ടെന്നു തോന്നുന്നില്ല.

അന്നു വേണാട്ടു വാണിരുന്നതു് ഉണ്ണിക്കേരളവർമ്മനാണെന്നു പറഞ്ഞുവല്ലോ. മധുര ഭരിച്ചിരുന്നതു് തിരുമലനായ്ക്കനാണ്. പല രാജ്യങ്ങളും പിടിച്ചടക്കിയ മദത്തിൽ തിരുമലനായ്ക്കൻ 810-ാമാണ്ടിടയ്ക്കു് വേണാട്ടും അടക്കാനായി വേലയ്യൻ എന്ന തന്റെ സേനാനിയെ അയച്ചു. അന്നു കേവലം 22 വയസ്സുമാത്രം പ്രായമുണ്ടായിരുന്ന ഇരവിക്കുട്ടിപ്പിള്ള, വേണാട്ടിലെ പ്രധാന സേനാനി, വേലയ്യനേയും പടയേയും തോല്പിച്ചോടിച്ചു. ക്രുദ്ധവീര്യനായ തിരുമലനായ്ക്കൻ, തന്റെ സേനാനിയെ തോല്പിച്ചയാളുടെ ശിരച്ഛേദംകൊണ്ടേ അടങ്ങുകയുള്ളു എന്നു ദൃഢപ്രതിജ്ഞയും ചെയ്തു.

ഏതുകാലത്തും, രാജ്യത്തെ ആഭ്യന്തരകലഹങ്ങളും കുഴപ്പങ്ങളും തീരാത്ത കഷ്ടങ്ങൾക്കിടയാക്കിയിട്ടുള്ളതിന്നു് ചരിത്രങ്ങൾ ലക്ഷ്യങ്ങളാണല്ലോ. തിരുവിതാംകൂറിലെ സ്ഥിതിയും അന്നു ഏതാണ്ടു കലാപകലുഷിതമായിരുന്നു. രാജ്യഭരണവും ക്ഷേത്രഭരണവും സംബന്ധിച്ചു പ്രതാപികളായിരുന്ന എട്ടുവീട്ടിൽ പിള്ളമാരും, എട്ടരയോഗക്കാരും നാടുവാഴിയായിരുന്ന രാജാവും തമ്മിൽ തമ്മിൽ അഭിപ്രായവ്യത്യാസമുണ്ടായിരുന്നു. ഇതോടുകൂടി, വളരെ ചെറുപ്പത്തിൽതന്നെ നാട്ടിലെ സേനാപതിയും, രാജാവിന്റെ കണ്ണിലുണ്ണിയുമായിത്തീർന്നിരുന്ന ഇരവിക്കുട്ടിപ്പിള്ളയോടു സകലർക്കും അതിരററ അസൂയയും ഉണ്ടായിരുന്നു. ഈ ഘട്ടത്തിലാണ് തിരുമലനായ്ക്കന്റെ രണ്ടാമത്തെ വേണാട്ടാക്രമണം.

നായ്ക്കന്റെ വിശ്വവിശ്രുത സേനാനിയായ രാമപ്പയ്യനാണ് വേണാട്ടാക്രമണത്തിൽ മധുരപ്പടയെ നയിച്ചതു്. അവരുടെ സൈന്യത്തിൽ പട്ടാണിമാർ, മറവർ, റാവുത്തന്മാർ എന്നിങ്ങിനെ എണ്ണമില്ലാത്ത പടവീരന്മാരുണ്ടായിരുന്നു. അന്നത്തെ വേണാടിന്റെ തലസ്ഥാനമായിരുന്ന പത്മനാഭപുരത്തിന്നു ആറു നാഴികയകലെ കണിയാകുളം എന്ന സ്ഥലത്താണ് മധുരപ്പട പാളയമടിച്ചിരുന്നതു്.

വേണാട്ടിലെ സ്ഥിതിയെപ്പററി മുമ്പുതന്നെ സൂചിപ്പിച്ചിട്ടുണ്ടല്ലോ. പ്രതാപിയായ ഒരു ശത്രു, സകല സന്നാഹങ്ങളോടുംകൂടി രാജ്യത്തു പാളയമടിച്ചിരിക്കുന്നയവസരത്തിൽ അവിടെയുള്ളവർ ഏകോപിച്ചു് യുദ്ധം ചെയ്തു് ശത്രുവിനെ ഓടിക്കുന്നതിന്നുപകരം, എട്ടരയോഗക്കാരിൽ ഏതാനും പേർ, ഇരവിക്കുട്ടിപ്പിള്ളയോടു തങ്ങൾക്കുള്ള ദ്വേഷം സഫലമാക്കുന്നതിന്നു് ചില ഗൂഢാലോചനകൾ നടത്തുകയായിരുന്നു. രാജാവു, തന്റെ കണ്ണിലുണ്ണിയും, സമരചതുരനുമായ ഇരവിക്കുട്ടിപ്പിള്ളയെ സേനാനായകനായും, പോററിമാരെ അദ്ദേഹത്തിന്നു സഹായത്തിനായും നിശ്ചയിക്കുമെന്നു ഊഹിച്ച അവർ, എല്ലാം ശരിവെച്ചു് യുദ്ധത്തിൽ ചേർന്നു, ഇരവിക്കുട്ടിയെ ചതിക്കുവാനുറച്ചു. നായ്ക്കനുമായി ഒത്തുചേർന്നു, സൈന്യത്തിലെ സകല വാർത്തയും രഹസ്യമായി അവരെ അറിയിക്കുകയും, യുദ്ധം മുറുകുന്ന സമയം തങ്ങൾ പിൻമാറി ഇരവിക്കുട്ടിയുടെ ശിരച്ഛേദം ചെയ്വാൻ അവക്കവസരമുണ്ടാക്കിക്കൊടുക്കാമെന്നു സമ്മതിക്കുകയും ചെയ്തു. ഇരവിക്കുട്ടിയുടെ ശിരസ്സു ഛേദിക്കണമെന്ന ഏക വ്രതത്തോടെ വന്നിരിക്കുന്ന തിരുമലനായ്ക്കനും, സേനാപതി രാമപ്പയ്യനും, ശത്രുപക്ഷത്തുനിന്നുള്ള ഈ ഒത്താശയിലുണ്ടായ സന്തോഷം എങ്ങിനെ പറഞ്ഞറിയിക്കും.

രാജദ്രോഹികളായ പോററിമാർ ഒരു വീരകേസരിയെ ബലി കൊടുക്കുവാനും, നാട്ടിന്റെ മാനം വിററു തിന്നാനും ഉറച്ചുകഴിഞ്ഞു. പട കൂടുള്ള ദിവസമായി. വേണാട്ടു രാജാവു സേനാനായകനെ വിളിച്ചു് വേണ്ട അനുഗ്രഹങ്ങളോടെ അനുജ്ഞയും കൊടുത്തു. വീരകേസരിയായ ഇരവിക്കുട്ടിപ്പിള്ളയുടെ സമരചാതുര്യത്തിൽ മഹാരാജാവിന്നു് ദൃഢമായ വിശ്വാസമുണ്ടായിരുന്നുവെങ്കിലും, എന്തോ ഒരപായശങ്ക അദ്ദേഹത്തിന്റെ മനസ്സിൽ നിഴലിക്കുന്നതായി തോന്നി. ഇടം കൈ, വലം കൈ, എന്ന പാർശ്വഭാഗങ്ങളിലേക്കു പോററി പ്രഭൃതികളും, നെററിക്കൈയായ മദ്ധ്യഭാഗത്തേക്കു ഇരവിക്കുട്ടിയും നില്ക്കാൻ വേണ്ടതുപോലെ വ്യൂഹനവ്യവസ്ഥയും ചെയ്തു. അപായശങ്കയാൽ തുടിക്കുന്ന ഉള്ളോടും, അനുഗ്രഹങ്ങളോടുംകൂടി മഹാരാജാവു ഇരവിക്കുട്ടിക്കു വിടയരുളി. മഹാരാജാവിന്റെ അനുഗ്രഹം വാങ്ങി, ഗുരുജനങ്ങളുടെയും, സഹകാരികളുടെയും സഹായത്തിൽ വിശ്വസിച്ചു്, ഈശ്വരാനുകൂല്യത്തിൽ മനസ്സുറപ്പിച്ചു്, ഇരവിക്കുട്ടിപ്പിള്ള യാത്രയായി.

പടപുറപ്പെടുന്നതിന്നു മുൻപായി സ്വഗൃഹത്തിൽ പോയി കുലദേവതയേയും, പിതൃക്കളെയും വന്ദിച്ചും, അമ്മയുടെ അനുഗ്രഹം വാങ്ങിയും, ഭാര്യയോടു യാത്ര പറഞ്ഞും വരുവാൻ ഇരവിക്കുട്ടി തീർച്ചയാക്കി. മകനു് എന്തോ അപായം സംഭവിക്കാൻ പോകുന്നതായി ദുഃസ്വപ്നം കണ്ട അമ്മ, അദ്ദേഹത്തെ യുദ്ധത്തിൽനിന്നു പിൻതിരിക്കുവാൻ കഴിയുന്ന ശ്രമം ചെയ്തുനോക്കി. മാതൃഭൂമിയിൽ ശത്രുക്കൾ പാളയമടിച്ചുപോർക്കു വിളിക്കുമ്പോൾ, ഭീരുവായിരിക്കുന്നതു് വീരനുചിതമല്ലെന്നും, വീരോചിതമായി പടവെട്ടി ശത്രുവിനെ ആട്ടിപ്പായിച്ചു് ജയക്കൊടിയും കൊണ്ടുമടങ്ങിവരികയോ, അഥവാ യുദ്ധത്തിൽ മരണമടഞ്ഞു വീരസ്വർഗ്ഗം പ്രാപിക്കുകയോ ചെയ്യേണ്ടതാണ് തന്റെ കടമയെന്നും, ആയുസ്സറുതിവന്നാൽ മാത്രമെ, യുദ്ധത്തിൽ തന്നെയും മരിക്കുകയുള്ളുവെന്നും, അങ്ങിനെ ആയുസ്സററിരിക്കുന്ന സമയമാണെങ്കിൽ അറയ്ക്കുള്ളിലിരുന്നാലും മരണത്തിൽനിന്നും രക്ഷപ്പെടാൻ കഴിയുകയില്ലെന്നും മററും അമ്മയെ ഉത്ബോധിപ്പിച്ചു, മകന്റെ വാക്കു ശരിയാണെന്നു മനസ്സിലാക്കിയ അമ്മയുടെ അനുഗ്രഹവും വാങ്ങി, ഇരവിക്കുട്ടി ഭാര്യാസമീപമെത്തി. വിവാഹം കഴിഞ്ഞിട്ടു അധിക ദിവസമായിട്ടില്ലാതിരുന്ന ആ നവവധുവും, വരനെ, യുദ്ധോദ്യമത്തിൽനിന്നു തടഞ്ഞു നോക്കി. അമ്മയെപ്പോലെ താനും ദുഃസ്വപ്നങ്ങൾ കണ്ടതായും അവൾ പറഞ്ഞു. അമ്മയെ സമാധാനിപ്പിച്ച മാതിരി തന്നെ, വീരവധുവാണെങ്കിൽ, തന്നെ സന്തോഷപൂർവ്വം യുദ്ധത്തിന്നു പ്രേരിപ്പിച്ചയക്കണമെന്നു പറഞ്ഞു ഇരവിക്കുട്ടി പിള്ള ഒരുവിധം അവളെയും ആശ്വസിപ്പിച്ചു. അതിന്നുശേഷം തന്റെ പിതൃപിതാമഹന്മാർ പലകാലമായി പൂജിച്ചുവരുന്ന കുലദൈവത്തെ കളരിയിൽ പോയി പൂജിച്ചു. കുളി തേവാരാദികൾ നടത്തിക്കൊണ്ടിരിക്കവെ അമ്മക്കും, ഭാര്യക്കും ദുഃസ്വപ്നാദികളിലനുഭവപ്പെട്ടതുപോലെ ചില ദുശ്ശകുനങ്ങൾ ഇരവിക്കുട്ടിക്കും അനുഭവപ്പെട്ടു. പക്ഷെ അവയെല്ലാം നിസ്സാരമെന്നു തള്ളി, വരാനുള്ളതു വരുകതന്നെ ചെയ്യുമെന്നും, അതിനെ വിചാരിച്ചു ധർമ്മത്തിൽനിന്നു വ്യതിചലിക്കുന്നതല്ലെന്നും ഉറച്ചു. കുലദേവതകളുടെയും, അമ്മയുടെയും ഗുരുജനങ്ങളുടെയും അനുഗ്രഹവും വാങ്ങി, പടക്കോപ്പണിഞ്ഞു രണഭൂമിയിലേക്കു പുറപ്പെട്ടു.

ഇതിനകം ഇരവിക്കുട്ടിയെ ചതിക്കണമെന്നുറച്ചിരുന്ന പോററിപ്രഭൃതികൾ വേണ്ട ഒരുക്കമെല്ലാം ചെയ്തുകഴിഞ്ഞിരുന്നു. ശത്രു പടമുഴക്കി.

(ശേഷം 10-ാം പേജിൽ)

# ഒരു വീരബാലൻ

[ഡാക്ടർ ചേലനാട്ടു് അച്യുതമേനോൻ, പിഎച്ച്. ഡി. (ലണ്ടൻ)]

(തുടർച്ച)

## രംഗം VI

(തിരുമാന്ധാംകുന്നു ക്ഷേത്രം. പടിഞ്ഞാറെ നട ഒരു ഭാഗത്തു ചാവേർ നിരന്നു നില്ക്കുന്നു. അവരുടെ മുമ്പാകെ ചന്തുണ്ണിയും, നടക്കൽ ഒരു ഭാഗത്തായി പുതുമനയമ്മ ഒരു വലിയ ചെമ്പിൽ കുറെ ഉരുളയുമായും ഇരിക്കുന്നു.]

പുതുമനയമ്മ: ചാവേർ പണിക്കന്മാരെ! നിങ്ങൾക്കു് ഉരുള തന്നു യാത്രയയക്കേണ്ട ചുമതല എന്റേതായിട്ടാണല്ലൊ ഇരിക്കുന്നതു്. ഇതു് നാം തമ്മിലുള്ള അവസാനകാഴ്ചയാണെന്നുള്ള ബോധം എന്നെ വ്യസനിപ്പിക്കുന്നുണ്ടെങ്കിലും വള്ളുവനാടിന്റെ മാനം രക്ഷിക്കാനാണു് നിങ്ങളെല്ലാവരും ജീവനെ ത്യജിക്കുന്നതെന്നുള്ള പരമാർത്ഥം എനിക്കു അഭിമാനവും തരുന്നുണ്ടു്. ഈ കുട്ടിയാണൊ അന്നു അഭ്യാസ മത്സരത്തിൽ എല്ലാവരുടേയും അഭിനന്ദനത്തിന്നു് പാത്രമായതു്? (ചന്തുണ്ണി മുമ്പോട്ടു പ്രവേശിക്കുന്നു.)

ചാവേരിൽ മൂത്തവൻ: അതേ! എന്നുമാത്രമല്ല ഞങ്ങൾ ഈ വീരബാലനെ ഈ യാത്രക്കു് നായകനാക്കണമെന്നും ആഗ്രഹിക്കുന്നു.

പുതുമനയമ്മ: നിങ്ങൾ അങ്ങിനെ ആഗ്രഹിക്കുന്നതിൽ അത്ഭുതമില്ല. ഈ ബാലന്റെ അഭ്യാസ നൈപുണ്യം കണ്ടപ്പോൾ അവന്റെ അമ്മയാവാൻ എനിക്കു ഭാഗ്യമുണ്ടായില്ലല്ലൊ എന്ന ഖേദവും കൂടിയുണ്ടായി. ആൺമക്കളുണ്ടാകയാണെങ്കിൽ ഇങ്ങിനത്തവരുണ്ടാവണം. എന്താ ചന്തുണ്ണിപ്പണിക്കരെ! നിങ്ങൾക്കു ഈ സംഘത്തെ നയിച്ചുകൊണ്ടുപോകുവാൻ സാധിക്കുമൊ?

ചന്തുണ്ണി: അമ്മയുടെ അനുഗ്രഹവും, ഈ ജ്യേഷ്ഠ സഹോദരന്മാരുടെ ആഗ്രഹവും അങ്ങിനെയാണെങ്കിൽ ഈ ചെക്കൻ അതിന്നു തുനിഞ്ഞുനോക്കാം. നാട്ടുകാരുടെ ഇഷ്ടം പോലെ ചെയ്യുന്നതാണല്ലൊ പണിക്കരായി ജനിച്ചാലുള്ള പണി.

പുതുമനയമ്മ: യോഗ്യതക്കനുസരിച്ച വാക്കു കുട്ടിക്കുണ്ടു്. അന്നു എല്ലാവരേയും വിസ്മയിപ്പിച്ച ആ മലക്കം മറിച്ചൽ എനിക്കൊന്നുകൂടി കാണണം. (ചാവേരെ നോക്കി) അതിന്നു ശേഷം ഉരുള തന്നാൽപോരെ!

ചാവേർ: മതി.

ചന്തുണ്ണി: മകന്റെ വീര്യം കാണാൻ അമ്മക്കാണു് അധികം അവകാശം, ഇതാ. (എന്നു പറഞ്ഞു മറിയുന്നു. വായുവേഗത്തിൽ എത്രയൊ ദൂരം പോയി വീഴുന്നു. ഉത്തരക്ഷണത്തിൽ വീണ്ടും മറിഞ്ഞു മുൻസ്ഥാനത്തു വന്നു നില്ക്കുന്നു.)

പുതുമനയമ്മ: നിങ്ങളുടെ നായകനായി പോകാൻ ഇതിലധികം യോഗ്യത കാണിക്കാനില്ല അതുകൊണ്ടു് ആദ്യത്തെ ഉരുളക്കുള്ള അവകാശവും ഈ കുട്ടിക്കുതന്നെയാണെന്നാണു് എന്റെ അഭിപ്രായം. എന്താ നിങ്ങൾക്കെല്ലാവർക്കും സമ്മതമാണൊ

ചാവേരിൽ മൂത്തവൻ: ഇതിൽ ഞങ്ങളുടെ അഭിപ്രായം ചോദിക്കേണ്ടതില്ല. പുതുമനയമ്മയുടെ അഭിപ്രായത്തിൽ കവിഞ്ഞതായി ഞങ്ങൾക്കു ഒന്നും ഉണർത്തിക്കാനില്ല. ഞങ്ങൾ ഈ അഭിമന്യുവിനെ ചുമലിൽ എടുത്തുകൊണ്ടു് പോകാനാണു നിശ്ചയിച്ചിട്ടുള്ളതു്.

പുതുമനയമ്മ: അതു് അധികം നന്നായി. ചന്തുണ്ണി! ഒരമ്മയുടെ നിലക്കും, പുതുമന മൂത്തമ്മയുടെ നിലക്കും, ഈ ഉരുള ചന്തുണ്ണിക്കു തരുവാൻ എനിക്കു വളരെ സന്തോഷമുണ്ടു്. ഇക്കുറിയത്തെ ചാവേർ പോക്കു് വെറുതെയാവരുതു്. ജയിച്ചുവരിക! (എന്നനുഗ്രഹിക്കുന്നു.)

(ഓരോരുത്തരായി ഉരുള വാങ്ങുന്നു.)

ചാവേരിൽ മൂത്തയാൾ: എന്നാൽ ഞങ്ങൾ യാത്രയാകട്ടെ. ഞങ്ങളുടെ ഈ സോദരൻ ഒരു മറിച്ചലിന്നു നിലപാട്ടു തറയിന്മേലെത്തി സാമൂതിരിയുമായി ഏററുമുട്ടുമെന്നാണു് ഞങ്ങളുടെ വിശ്വാസം. ബാക്കി ഞങ്ങളും നോക്കിക്കൊള്ളാം.

പുതുമനയമ്മ: അങ്ങിനെ സാധിച്ചുവെങ്കിൽ അതി ഭാഗ്യമായി! നമ്മുടെ നാട്ടിന്റെ സുകൃതം ഇങ്ങിനെയൊരു കുട്ടിയെ തന്ന അവസ്ഥക്കു, അവനെക്കൊണ്ടു് ചിലതു സാധിപ്പിക്കാതേയും വരുന്നതല്ലല്ലൊ? എല്ലാവരും പോയ്വരിക. മംഗളം ഭവിക്കട്ടെ.

(തിരശ്ശീല)

## രംഗം VII

[തിരുനാവായ്—മാമാങ്കപ്പന്തൽ—നിലപാട്ടു തറയിൽ സാമൂതിരിപ്പാട്ടു എഴുന്നള്ളിയിരിക്കുന്നു. ഇരുഭാഗങ്ങളിലായി കേരളത്തിലെ സകല രാജാക്കന്മാരും ഇരിക്കുന്നു. പിൻഭാഗത്തു സാമൂതിരിയുടെ അംഗരക്ഷകന്മാർ നില്ക്കുന്നു. സാമൂതിരിയുടെ ഇരുവശങ്ങളിലുമായി മങ്ങാട്ടച്ചൻ, തലച്ചെന്നവർ മുതലായ മന്ത്രിമുഖ്യന്മാർ ഇരിക്കുന്നു.]

സാമൂതിരി: സാമന്തരാജാന്മാരെ! മന്ത്രിമുഖ്യന്മാരെ! മാലോകരെ! പൂർവ്വികന്മാരുടെ അനുഗ്രഹത്താൽ ഇ കഴിഞ്ഞ പന്തീരാണ്ടിന്നു ശേഷം മാമാങ്കോത്സവം കൊണ്ടാടാനുള്ള യോഗം നമുക്കു വീണ്ടും വന്നിരിക്കുന്നു. കേരളത്തിന്റെ നാനാഭാഗത്തുനിന്നും, സുഖസൌകര്യങ്ങളെല്ലാം ഉപേക്ഷിച്ചു് ഈ പാരമ്പര്യം നിലനിർത്തിപ്പോരുവാനുള്ള അത്യാഗ്രഹത്തോടു കൂടി ഇവിടെ ആഗതരായിരിക്കുന്ന നിങ്ങളെല്ലാവരേയും ഞാൻ സ്വാഗതം ചെയ്തുകൊള്ളുന്നു. മാമാങ്കത്തിന്നു് ഒരു വലിയ ചരിത്രമുണ്ടു്. കേരളീയരുടെ ആയോധന സാമർത്ഥ്യം കലാനൈപുണ്യം, സംസ്കാര പ്രാചുര്യം, സകലശാസ്ത്ര പാണ്ഡിത്യം, ഇവയുടെയെല്ലാം മാററുരച്ചുനോക്കുന്ന ഒരു ചൈതന്യകേന്ദ്രമാണിതു്. വീരന്മാരുടേയും, കലാരസികന്മാരുടേയും, പണ്ഡിതകേസരികളുടേയും, ശാസ്ത്രകോവിദന്മാരുടേയും പേരുകൾകൊണ്ടും പ്രയോഗചാതുര്യംകൊണ്ടും, മാമാങ്ക ചരിത്രം പണ്ടേ പവിത്രമായിത്തീർന്നിട്ടുണ്ടു്. രാജാക്കന്മാർ തമ്മിലുള്ള മത്സരംകൊണ്ടു് പല അപസ്വരങ്ങളും ഈ പന്തലിനെ ചിലപ്പോൾ അലങ്കോലപ്പെടുത്തിയിട്ടുണ്ടു്. എന്നാൽ അവയെല്ലാം ക്ഷണികമായതിനാൽ, ചരിത്രത്തിന്റെ വിശാല വക്ഷസ്സിൽ കളങ്കമൊന്നും പററിയിട്ടില്ല. (അണിയറയിൽ ഉടനെ ഒരു ശബ്ദം കേൾക്കുന്നു. എല്ലാവരും ആശ്ചര്യപ്പെട്ടു. "വള്ളുവക്കോനാതിരി ജയിക്കട്ടെ"! എന്ന വിളിയാണു്.)

മങ്ങാട്ടച്ചൻ: വള്ളുവക്കോനാതിരിയുടെ ചാവേർ സംഘം പോരിന്നു വിളിക്കുന്നതാണു് ആ കേൾക്കുന്നതു്.

സാമൂതിരി: (അല്പം കോപസ്വരത്തിൽ) ഈ ചാവേർ പടയുടെ പ്രവേശം കൂടാതെ മാമാങ്കം നടത്താൻ കഴിയുകയില്ലെന്നുള്ള ദിക്കായി. വള്ളുവക്കോനാതിരിക്കു കുറെ അഭ്യാസികൾ ചാവുന്നുണ്ടെന്നല്ലാതെ വേറെ യാതൊരു പ്രയോജനവും ഈ സാഹസംകൊണ്ടു് സിദ്ധിക്കുന്നില്ല. നമുക്കാകട്ടെ, ഇതു കുറച്ചു നേരത്തേക്കു ഒരു മലർപൊരിച്ചൽ മാത്രം. എന്നാലും പാൽപ്പായസത്തിൽ കല്ലുകടിക്കുന്നതുപോലെ, ഇവർ നമ്മെ കുറച്ചുനേരത്തേക്കെങ്കിലും ശല്യപ്പെടുത്തുന്നതുമുണ്ടു്. സാമൂതിരിയുടെ ആധിപത്യത്തിൽ, നമ്മുടെ അറിവിൽ പെട്ടേടത്തോളം, ഇതു് പത്താമത്തെ മാമാങ്കമാണു്. എല്ലാ മാമാങ്കത്തിന്നും ചാവേർപ്പടയുടെ ഉപദ്രവമുണ്ടായിട്ടുണ്ടു്. ഇനിമേലിലെങ്കിലും ഈ ശല്യം കൂടാതെയിരിപ്പാൻ സാധിക്കുന്നതല്ലെങ്കിൽ നാം ഈ മാമാങ്കോത്സവം അവസാനിപ്പിക്കുന്നതാണുത്തമം. അറബിക്കടലിന്റേയും സഹ്യാദ്രിയുടേയും അധിപനായിരിക്കുന്ന കുന്നലക്കോനെവിടെ? ദക്ഷിണകേരളത്തിന്റെ മൂലയിലിരിക്കുന്ന വള്ളുവക്കോനെവിടെ? വള്ളുവക്കോന്റെ ഈ കൊതുപ്രയോഗം നിർത്താൻ കഴിയാത്ത നമുക്കെവിടെയാണു് പൌരുഷം? അതുകൊണ്ടു്, ഈ ചാവേർ പടയെ നിശ്ശേഷം നശിപ്പിച്ചു നാം മാമാങ്കം കഴിഞ്ഞയുടനെ വള്ളുവനാട്ടിനെ ആക്രമിക്കുവാൻ നിശ്ചയിച്ചിരിക്കുന്നു. (വീണ്ടും ചാവേർപ്പടയുടെ പോർവിളി കേൾക്കുന്നു. ശബ്ദം കൂടിക്കൂടിവരികയാൽ എല്ലാവരും എഴുന്നേല്ക്കുന്നു).

മങ്ങാട്ടച്ചൻ: ചാവേർ വളരെ അടുത്തെത്തിയപോലെയിരിക്കുന്നല്ലൊ. ഇതിന്നുമുമ്പുതന്നെ അവരുടെ കഥ കഴിക്കുകയാണല്ലൊ പതിവു്. അംഗരക്ഷകന്മാരെ! ഇക്കുറ പ്രത്യേകമായി സ്വരൂപിച്ചിട്ടുള്ള ആ വലിയ സൈന്യത്തെ ഇങ്ങോട്ടു വരുത്തുക. (അപ്പോഴേക്കു ഒരു ചെറുബാലൻ നിലപാട്ടുതറയിൽ വന്നുനിന്നു് സാമൂതിരിയുടെ നേരെ വാളോങ്ങുന്നു. പന്തലിൽ ആകപ്പാടെ പരിഭ്രമം. കോലാഹലം. സാമൂതിരി രണ്ടു കയ്യും ഉയർത്തുന്നു. ചന്തുണ്ണി വാൾ ഓങ്ങി, വെട്ടാതെ നില്ക്കുന്നു.

ചന്തുണ്ണി: കേരളചക്രവർത്തിയായ അങ്ങയുടെ ആയുസ്സിന്നറുതി വരുത്തണമെന്നു എനിക്കാഗ്രഹമില്ല. പക്ഷെ, വള്ളുവക്കോനാതിരിയായ അടിയന്റെ പൊന്നുതമ്പുരാനെ നിസ്സാരനാക്കി അങ്ങു് ഈ മാമാങ്കം നടത്തുന്നതു്

(ശേഷം 10-ാം പേജിൽ)

(8-ാം പേജിൽനിന്നു തുടൎച്ച)

വിക്രമനായ ഇരവി, തന്റെ പടയാളികളോടും, സഹകരിക്കാൻ തയ്യാറാണെന്നു ഒരുങ്ങി പുറപ്പെട്ടിട്ടുള്ള പോരാളിമാരോടും, ശത്രു വന്നടുത്തിരിക്കുന്ന ഇത്തരം സന്ദൎഭങ്ങളിൽ, തങ്ങൾക്കിടയിൽ തുച്ഛമായി ഉണ്ടായിരുന്നേക്കാവുന്ന അസുഖത്തെ തല്ക്കാലത്തേക്കു മറന്നു, ഏകമനസ്സോടെ, ഒത്തുചേൎന്നു, ശത്രുവിനെ ആട്ടിപ്പായിക്കേണ്ടതിന്റെ ആവശ്യകതയെപ്പററി ഉത്ബോധിപ്പിച്ചും, താൻ പൊന്നു തമ്പുരാന്റെ കല്പനപ്രകാരം ഏററിരിക്കുന്ന ചുമതലയേറിയ ഭാരത്തിന്റെ പരിപൂൎത്തിക്കു ഗുരുജനങ്ങളായ അവരുടെ എല്ലാവരുടെയും ഹാൎദ്ദമായ സഹായമുണ്ടാകണമെന്നു പ്രാൎത്ഥിച്ചുംകൊണ്ടു, തന്റെ പടയെ നയിച്ചു. സമുദ്രംപോലെ പെരുകി വന്നിരുന്ന മധുരപ്പടയെ നയിച്ചിരുന്നതു രാമപ്പയ്യനാണ്. ഇരു സൈന്യങ്ങളും പ്രസിദ്ധമായ കണിയാകുളത്തു ഏററുമുട്ടി ഘോരസമരമാരംഭിച്ചു. ശത്രുസൈന്യത്തെ നിമിഷത്തിനിടയിൽ ആയിരക്കണക്കായി നമ്മുടെ അഭിനവ അഭിമന്യു അരിഞ്ഞു താഴത്തിട്ടു. ഇതിനിടെ ഇടംകൈയും വലംകൈയുമായി നിന്നിരുന്നവരുടെ ഗതിമാററം ഓൎക്കാതെ, നേററി കൈയ്യേററിരുന്ന കഥാനായകൻ ചീറിക്കൊണ്ടു ശത്രുസൈന്യത്തിലേക്കു കുതിച്ചു. പോർ മൂത്തുവന്ന ആ ഘട്ടത്തിൽ രാജദ്രോഹികളായ ഇടംകൈ വലംകൈക്കാർ, ശത്രുക്കളെ കാലേക്കൂട്ടി അറിയിച്ചിരുന്നതുപോലെ, അവൎക്കു അടയാളം കൊടുത്തിട്ടു പിൻവാങ്ങി. പരിതഃസ്ഥിതികളെ വകവെക്കാതെ തന്നെ, തന്റെ പ്രാണന്റെ അപായം മനസ്സിലാക്കിയിട്ടും, വീരനായ ഇരവി പോർ തുടൎന്നു. ഒററുകാരുടെ സഹകരണത്തോടുകൂടി ഒരു ശത്രുപക്ഷീയൻ വേണാട്ടരചരുടെ സൈന്യത്തിൽ കടന്നുകൂടി, പിൻഭാഗത്തുകൂടി ഇരവിക്കുട്ടിയെ സമീപിച്ചു, അദ്ദേഹത്തിന്റെ ശിരസ്സിനെ നിഷ്ക്കരുണം ഛേദിച്ചു തന്റെ സ്വാമിയുടെ മുൻപിൻ കാഴ്ച വെച്ചു. ഇരവിക്കുട്ടിപ്പിള്ളയുടെ തലമുറിച്ചു കണ്ടല്ലാതെ അടങ്ങുകയില്ലെന്നു ശപഥം ചെയ്തിരുന്ന തിരുമലനായ്ക്കനുംകൂടി, ഈ വീരകേസരിയുടെ അഴകും പൌരുഷവും കണ്ടു മനസ്സലിഞ്ഞു. ഇത്ര അഴകുടയ ശിരസ്സു ദേഹത്തുനിന്നു വേർ പെടുത്താൻ തോന്നിയതിന്നു തന്റെ ഭടനെ അദ്ദേഹം ശകാരിച്ചു. സ്വജനങ്ങളുടെ വഞ്ചനയുടെ ഫലമായി വേണാട്ടിലെ വീരസിംഹമായിരുന്ന ഇരവിക്കുട്ടിപ്പിള്ള, ഉശിരോടെ അടരാടി നേടിയ വിജയവാൎത്ത കേൾക്കുന്നതിന്നു മുൻപുതന്നെ, ശത്രുക്കളുടെ ഒളിവാളിന്നിരയായി, രണഭൂവിൽവെച്ചു മരണമടഞ്ഞു.

(9-ാം പേജിൽനിന്നു തുടൎച്ച)

അടിയനെപ്പോലത്തെ ചെറിയ കുട്ടികൾകൂടി കണ്ടുപൊറുക്കുന്നതല്ല. അതുകൊണ്ടു, ഇനിമേൽ മാമാങ്കം നടത്താൻ പാടില്ല. അതിന്നൊരുക്കമില്ലെങ്കിൽ, നമുക്കൊരു കൈ നോക്കുക. (എന്നുപറഞ്ഞു വീണ്ടും വാളോങ്ങുന്നു).

സാമൂതിരി : പണിക്കരുകുട്ടീ! തന്റെ ധൈൎയ്യം കണ്ടിട്ടു എനിക്കത്യത്ഭുതം തോന്നുന്നു. വള്ളുവക്കോന്റെ ചാവേർ പടയിൽ, ഇങ്ങിനെ ഒരു കുട്ടിയുള്ള കാലം മാമാങ്കം നടത്താനുള്ള അധികാരം നമുക്കില്ല. അന്യോന്യം കൊന്നതുകൊണ്ടു് ലോകത്തിന്നു് ലാഭമൊന്നുമില്ല. നഷ്ടമുണ്ടുതാനും. മാമാങ്കാധിപത്യം നാം ഒഴിഞ്ഞുതന്നേക്കാം.

ചന്ത്രുണ്ണി : അതേററുവാങ്ങേണ്ടതു് അടിയന്റെ പൊന്നുതമ്പുരാനാണു്. പക്ഷെ, അതുകൊണ്ടും ഗുണമില്ല. പിന്നെപ്പുറപ്പെടുന്ന ചാവേർപ്പട കുന്നലക്കോന്റെതായിരിക്കുമെന്ന വ്യത്യാസമേ ഉണ്ടാവുകയുള്ളു. അതുകൊണ്ടു മാമാങ്കംതന്നെ ഇനിമേൽ നടത്താതിരിക്കണം. (ആയുധപാണികളായ അംഗരക്ഷകന്മാരിൽ ചിലർ നിലപാടു തറയിലേക്കു കേറുന്നു. അവരെ നോക്കി) അൻപതിനായിരം കുന്തങ്ങളെ തട്ടിത്തെറിപ്പിച്ചിട്ടാണു് ഞാൻ ഇവിടെ എത്തിയിരിക്കുന്നതു്. നിങ്ങൾ വല്ല സാഹസവും പ്രവൃത്തിച്ചാൽ നിങ്ങളുടെ തമ്പുരാനാണു് നാശമെന്നോൎത്തോളിൻ.


സാമൂതിരി : (അംഗരക്ഷകന്മാരെ നോക്കി) നിങ്ങളെല്ലാവരും മടങ്ങി നില്ക്കിൻ. ഈ വീരബാലന്റെ അഭിപ്രായം, നാം സ്വീകരിക്കുന്നു. (എന്നു പറഞ്ഞു ചന്ത്രുണ്ണിയെ ആലിംഗനം ചെയ്യുന്നു.) (തിരശ്ശീല)

-ശുഭം-


# ബ്രിട്ടീഷ്–ജൎമ്മൻ യുദ്ധം

## 248-ാമത്തെ ആഴ്ച


## 1939 സെപ്തമ്പർ 3-ാം തിയ്യതി ആരംഭിച്ചു



ഇംഫാലിൽ ഒരു മദിരാശി തോക്കുസംഘക്കാർ പ്രവൃത്തിയിലേൎപ്പെട്ടിരിക്കുന്നു




ഒരു തോക്കുഭടന്റെ കൂടെ സാൎജ്ജന്റു ആർ. ബി. വാക്കർ നില്ക്കുന്നു



ആർണിക്കാരൻ ഗണ്ണർ രാജു



സേലത്തുകാരൻ ലാൻസ് നായിക് ഷേരാട്ടേജാൻ



മധുരക്കാരൻ ഗണ്ണർ പിച്ചൈയ്യ



വടക്കെ് ആർക്കാട്ടുകാരൻ ഗണ്ണർ കണ്ണപ്പിയൻ



അരാക്കാനിൽ യുദ്ധസേവനം ചെയ്യുന്ന മദിരാശി ഭടന്മാർ 25 റാത്തൽ ഭാരമുള്ള വെടിയുണ്ടകൾ തോക്കിൽ നിന്നെടുക്കുന്നതു്



ചിങ്കൽപേട്ടക്കാരൻ ഗണ്ണർ മോത്തിയൻ

## അടുക്കളയിൽനിന്നു പടക്കളത്തിലേക്കു

(ശ്രീ താമററാട്ടു ഗോവിന്ദൻകുട്ടി നായർ, തവനൂർ)

(മാരകാകളി)

അന്നപ്പുലരിയി, ലാവീരമാതാവു്
ചൊന്നാൾ തനയനോടേവം :—
'എൻമകനെന്തിനു ജീവിതമിങ്ങിനെ
സമ്മോദമെന്യേ നയിപ്പൂ ?
നമ്മുടെ പൂർവ്വികർ പണ്ടു പലേരണ-
ഭൂമിയിലല്ലോ വസിച്ചൂ !
വെട്ടത്തരചന്റെ സൈന്യാധിപന്മാരാ-
യൊട്ടുകാലം കഴിച്ചിപ്പോൾ
ഉമ്പർകോൻനാട്ടിലെ നായകന്മാരത്രെ
നിൻപിതാ, മാതുലന്മാരും.
അന്നവർ കാട്ടിയ വീര്യപരാക്രമ-
മിന്നും പുകഴ്ത്തുന്നു ലോകം.
നീയുമവരെപ്പോൽ വീരനായ്ത്തീരുവാ-
നേറെക്കൊതിക്കുന്നു ഞാനും.

പാഴിലാക്കിടരുതെന്മകനേ പരി-
പൂതമാമീ നരജന്മം !
നമ്മെബ്ഭരിക്കുന്ന മന്നവൻ തന്നുടെ
സൈന്യത്തിൽ ചേർന്നു കൊണ്ടാലും
യുദ്ധമുറകൾ വഴിപോൽ പഠിച്ചു നീ
യോദ്ധാവായ്ത്തീരുക വേഗം.

ഭാരതദേവി തൻ രോദനം കേൾക്കവേ
പാരം തളരുന്നു ദേഹം !
ക്രൂരാശയരായ ജാപ്പു ഭടരുടെ-
ഘോരമാം കാൽച്ചവിട്ടേററു
അധന്യയാമെന്നെ യപശയാക്കീടുവാൻ
പുത്രനീ, സമ്മതിക്കാല്ലു.
ഒന്നുകിൽ ശത്രുവെ വെന്നുമടങ്ങിടാ-
മല്ലായ്കിലോ വീരസ്വർഗ്ഗം !
പോവുക, ധൈര്യമാ, യെന്മകനിന്നൊരു
പോരാളിയാവുക വേഗം.

("നരനായിങ്ങനെ" എന്ന മട്ടു്)

പ്രിയജനനിതൻ വചനം കേൾക്കവേ
പുളകഗാത്രനായ് പ്രിയപുത്രൻ !
ഒരുനവോന്മേഷം സിരകൾതോറുമേ
പെരുകുംപോലവനറിവായി !
ഹൃദയംതന്നിലോ പുതുചൈതന്യവു-
മുദിതമായ് വിദ്യുൽപ്രഭപോലെ.
അരികിൽനില്ക്കും തൻജനനിയോടേവം
ദൃഢതരസ്വരമവനോതി :—

"ഒരു പൊഴുതിലും മമജീവിതത്തെ
വിഫലമാക്കുകി. ല്ലിനി മേലിൽ !
അനുനിമേഷവും ഭരതനാട്ടിന്നാ-
യവശത സഹിച്ചലയും ഞാൻ
തരുമെനിക്കപ്പോൾ സകലകീർത്തിയും
കനിവോടെ 'ബ്രിട്ടീഷ് നരപാലൻ'
സമയമില്ലിനി, സമയമില്ലൊട്ടും
ജനനീ ! ഞാൻ പോട്ടെ രണഭുവിൽ !"

## ഉണരുവിൻ!

(ശ്രീ വി. എം. ചന്ദ്രശേഖരൻ നായർ)

("നരനായിങ്ങിനെ" എന്ന മട്ടു്)

സമരകാഹളനിനദമല്ലയോ
മധുമധുരമായുയരുന്നു !
ഉണരുവിനെന്റെ സഹജരേ, നിങ്ങ-
ളിനിയുറങ്ങുന്നതനുചിതം !

പെരിയ ഭീകരരണ മദ്ധ്യത്തിൽ നി-
ന്നതിധീരധീരം പൊരുതുന്നോർ,-
തവസഹജരാണവർ തൻകാലുകൾ
കുഴയുന്നു, മെയ്യോ തളരുന്നു !
ഭുവനദീപ്തിക്കായവർ പൊക്കിക്കാട്ടും
കനകമംഗലമണിദീപം
വഴുതിവീണങ്ങു പൊലിയും മുമ്പായ-
ങ്ങവിടെയെത്തുവിൻ, സഹജരെ !
പലയുഗശ്രമ ഫലമായാർജ്ജിച്ചോ-
രമല 'സംസ്കാര' മണിദീപം
പൊലിയുന്നാകിലി ഭുവന മന്ധതാ-
തിമിരത്തിലാഴമവിതർക്കം.

ഭുജബലമല്ലാതവനിയിലന്യ-
മതവുംനീതിയുമറിയാത്തോർ,

കൊടിയദുർമ്മദത്തികവാലീലോക-
പതികളാകുവാൻ മുതിരുന്നോർ,

'ഉദയഭാനുവിൻ' കൊടിയും പാറിച്ചി-
ങ്ങണകയായ് രണാതുരരായ് !

അവർ തൻ ദാസരായ് കഴിയണം പോലി-
ദ്ധരണിയിലുള്ള ജനമെല്ലാം !!

സഹജരെ, നമ്മിലൊഴുകുന്നില്ലയോ-
ച്ചുടുനിണമിന്നും സിരകളിൽ ?

അഭിമാനം നമുക്കനഘസമ്പത്താ-
ണതിനായ്പ്പോരാടാനെഴുന്നേല്ക്കിൽ !

അടരിൽവീണു നാം മറവിതൻകുണ്ടിൽ
മറയുന്നെങ്കിലോ മറയട്ടെ.

ജനനിഭാരത ധരണിതൻ സേവാ-
നിരതരായ് ജീവൻ വെടിയുകിൽ,

അതിനും മീതെയെന്തനഘനിർവ്വാണ-
മണയുവാനുള്ളെൻ സഹജരേ ?

PRINTED BY THE SUPERINTENDENT, GOVERNMENT PRESS AND PUBLISHED BY THE DIRECTOR OF WAR PUBLICITY, "VICTORY HOUSE", MOUNT ROAD, MADRAS.